# ആമുഖം

സംസ്ഥാന പദ്ധതിയിലും, എൻ.സി.ഡി.സി. മുഖേനയുള്ള പദ്ധതിയിലും ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഉള്ളടക്കങ്ങൾ, ധനസഹായത്തിന്റെ തോത്, തുടങ്ങിയവ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ പ്ലാനിംഗ് വിഭാഗം തയ്യാറാക്കിയ ഈ കൈപ്പുസ്തകം സംഘവുമായി ബന്ധപ്പെടുന്ന ഫീൽഡിലെ ഉദ്യോഗസ്ഥർക്ക്, ധനസഹായത്തിന് അർഹതയുള്ള സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനും, സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനും പ്രയോജനകരമാണെന്ന് കരുതുന്നു.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ


**പ്ലാനിംഗ് വിഭാഗം**
**സഹകണ സംഘം രജിസ്ട്രാറുടെ ഓഫീസ്**
**തിരുവനന്തപുരം**
**Email** : keralarcs@coop.kerala.gov.in

# I N D E X
## സംസ്ഥാന പദ്ധതികൾ


ക്രമ നമ്പർ | പദ്ധതിയുടെ പേര് | പേജ് നമ്പർ

**I**. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായങ്ങൾ

1. സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള ഓഹരി മൂലധനം
2 സ്വയം സഹായ ഗ്രൂപ്പുകൾ(SHG) രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
3 സ്വയം സംഘങ്ങൾക്കുള്ള സബ്സിഡി (ഗ്രാന്റ്)
4 സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള പ്രോത്സാഹന സമ്മാനം
5 നെൽകൃഷിക്കുള്ള വായ്പ കൂടുതൽ നൽകുന്നതിനുള്ള ധനസഹായം
6 കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള പ്രോത്സാഹന ഗ്രാന്റ്
7 നെൽകൃഷിക്ക് പലിശരഹിത വായ്പ – പലിശ സബ്സിഡി
8 ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം
9 സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണം, കോർബാങ്കിംഗ്, എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം
10 അർബൻ സഹകരണ ബാങ്കുകൾക്കുള്ള ഓഹരി
11 അർബൻ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി
12 ബയോഗ്യാസ് പ്ലാന്റ് – പലിശ രഹിത വായ്പാ പദ്ധതി
13 കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി

**II.** ഉപഭോക്തൃ സഹകരണ സംഘങ്ങൾ

14 പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ/സ്റ്റോറുകളുടെ പുനരുദ്ധാരണം
15 നീതി സ്റ്റോറും നീതി മെഡിക്കൽ സ്റ്റോറും നടത്തുന്നതിനുള്ള ഓഹരി മൂലധന വിഹിതവും സബ്സിഡിയും
16 നീതി സ്റ്റോർ നടത്തുന്നതിലേയ്ക്കായി കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനും പ്രാഥമിക കാർഷിക വായ്പാ സംഘത്തിനും പലിശരഹിത വായ്പ
17 കൺസ്യൂമർ സഹകരണ സംഘങ്ങളുടെ വികസനം/ധനസഹായം
18 പ്രാഥമിക കൺസ്യൂമർ സ്റ്റോറുകൾ/ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ എന്നിവയ്ക്കുള്ള – ഓഹരി മൂലധനം
19 സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റും മാനേജീരിയൽ സബ്സിഡിയും
20 സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് ഉപകരണങ്ങൾ, ഫർണ്ണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്
21 സ്കൂൾ/കോളേജ് സഹകരണ സ്റ്റോറുകൾക്ക് സർക്കാർ ഓഹരിമൂലധനം
22 സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള ഗ്രാന്റ്/സബ്സിഡി
23 വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം
24 വനിതാ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധനം

**III.** മറ്റ് സഹകരണ സംഘങ്ങൾ

25. ഓട്ടോറിക്ഷാ ഡ്രൈവേഴ്സ്/ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ
26. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ
27. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ആട്ടോറിക്ഷാ സഹകരണ സംഘങ്ങൾ

28 വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ
29 ആശുപത്രി സഹകരണ സംഘങ്ങൾ
30 സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി
31 ആശുപത്രി സംഘങ്ങൾക്ക് രോഗനിർണ്ണയത്തിനുള്ള അത്യാധുനിക/അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം
32 ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ അശുപത്രികൾക്ക് ധനസഹായം
33 പലവക സംഘങ്ങൾ (ഓഹരി മൂലധനം)
34 പലവക സംഘങ്ങൾ (വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ്.
35 വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായം
36 ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ

**III. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ**

37 പട്ടികജാതി/പട്ടികവർഗ്ഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും ഗ്രാന്റ്, ഓഹരി, മൂലധനം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ (ഗ്രാന്റ്, ഓഹരി മൂലധനം)
38 പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി
39 പട്ടികജാതി സഹകരണ സംഘങ്ങൾക്കുള്ള വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ്
40 കെ.ജി.റ്റി.ഇ/മറ്റ് സർക്കാർ ഏജൻസികൾ അംഗീകരിച്ച കമ്പ്യൂട്ടർ ട്രെയിനിംഗ് കോഴ്സ് ആരംഭിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം
41 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസിനുള്ള ധനസഹായം
42 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം
43 സ്പെഷ്യൽ റിവൈവൽ സ്കീം
44 ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
45 പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
46 ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി
47 സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം
48 മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം
49 പി.എ.സി.എസ് ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം
50 പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ
51 കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (സബ്സിഡി/ഓഹരി/വായ്പ)
52 ആർ.ഐ.ഡി.എഫ് (നബാർഡ് പദ്ധതി)
53 അശരണരായ സഹകാരികൾക്കുള്ള ധനസഹായം

## എൻ.സി.ഡി.സി. പദ്ധതികൾ

1 കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം
2 കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യം

വികസനം/ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി സഹായം

3 മാർക്കറ്റിംഗ് സംഘങ്ങൾ/പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മറ്റ് സഹകരണ സംഘങ്ങൾ ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായം

4 വിപണന പ്രവർത്തനങ്ങൾ – പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻ മണി/ദീർഘകാല വായ്പ

5 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

6 കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ, ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്കുള്ള ധനസഹായം.

7 റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള ധനസഹായം

8 ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.

9 ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജസ്രോതസ്സുകളിൽ നിന്നുമുള്ള ഊർജ്ജോത്പാദനവും വിതരണവും, ഗ്രാമീണ വന പദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾക്കുള്ള ധനസഹായം.

10 ആശുപത്രി, ഹെൽത്ത്കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിലേർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള വായ്പാ/ഓഹരി മൂലധന സഹായം.

# സംസ്ഥാന പദ്ധതികൾ

## 1. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ ബാങ്കുകൾക്കുള്ള ധനസഹായം

ജി.ഒ (എം.എസ്)നമ്പർ 105/1997/സഹ തീയതി 14.08.1997

### സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള ഓഹരി

(എ) പരമാവധി 2 ലക്ഷം രൂപ (ഒരു തവണ 1 ലക്ഷം രൂപ വീതം)

**നിബന്ധനകൾ**

1. അപേക്ഷ സമർപ്പിക്കുന്ന വേളയിൽ നബാർഡിന്റെ NRC(LTO) ഫണ്ടിൽ നിന്നും ഓഹരി മൂലധനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരിക്കരുത്
2. മിനിമം 4000 അംഗങ്ങൾ ഉണ്ടായിരിക്കണം
3. ഏറ്റവും കുറഞ്ഞത് 1,00,000/- രൂപ വ്യക്തിഗത അംഗങ്ങളിൽ നിന്നും ഓഹരിയുണ്ടായിരിക്കണം.
4. മറ്റൊരു പ്രാഥമിക കാർഷിക വായ്പാ സംഘവുമായി അതിവ്യാപനം ഉണ്ടായിരിക്കരുത്.
5. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടാകണം.
6. ഇതുവരെ ലഭിച്ച ഓഹരിയ്ക്ക്, ഓഹരി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടായിരിക്കണം.
7. പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
8. ആഡിറ്റ് ക്ലാസിഫിക്കേഷൻ A/B/C ആയിരിക്കണം.
9. മുൻവർഷങ്ങളിലെ വായ്പകളിൽ കുടിശ്ശിക 65% ൽ അധികരിക്കരുത്.
10. വാർഷിക വായ്പാ വിതരണം 1.0 ലക്ഷം ഉണ്ടായിരിക്കണം.

**തിരികെ അടയ്ക്കേണ്ടത്**

10 തുല്യ തവണകളായി

ആദ്യതവണ, തുക പിൻവലിച്ച് 6 )മത്തെ വർഷം മുതൽ

## 2. സ്വയം സഹായ ഗ്രൂപ്പുകൾ (SHG) രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ജി.ഒ. (എം.എസ്) നമ്പർ 127/1998/സഹ തീയതി 11.08.1998
ജി.ഒ (എം.എസ്) നമ്പർ 24/2000 സഹ തീയതി 23.02.2000
ജി.ഒ (എം.എസ്) നമ്പർ 62/2001 സഹ തീയതി 29.03.2001

**എ. ഓഹരി മൂലധനം**

സ്വാശ്രയ സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 2 ലക്ഷം രൂപ (ഒരു തവണ ഒരു ലക്ഷം രൂപ വീതം)

**നിബന്ധനകൾ**

1. ഗ്രൂപ്പുകൾ പ്രാഥമിക കാർഷിക വായ്പാ സംഘത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം.
2. വ്യക്തിഗത അംഗങ്ങളിൽ നിന്നും മിനിമം 1 ലക്ഷം രൂപ ഓഹരി ഉണ്ടായിരിക്കണം
3. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ യുണ്ടായിരിക്കണം
4. പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
5. മുൻവർഷത്തെ വായ്പകളിലെ കുടിശ്ശിക 65%ൽ കവിയരുത്
6. സംഘത്തിന്റെ വാർഷിക വായ്പാ വിതരണം 10 ലക്ഷത്തിൽ കുറയരുത്.
7. ടി വ്യവസ്ഥകളിൽ ഏതിൽ നിന്നെങ്കിലും, രജിസ്ട്രാർക്ക് ഇളവ് നൽകാവുന്നതാണ്.

**അപേക്ഷയോടൊപ്പം**

- ഓഹരി മൂലധനത്തിന് അപേക്ഷിച്ചുകൊണ്ടുള്ള ഭരണസമിതിയുടെ തീരുമാനം ഓഹരി മൂലധന അനുവദിക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചു കൊള്ളാമെന്നുള്ള നിബന്ധനകൾ.
- സർക്കാരിലേയ്ക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന് അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് (No Dues Certificate)
- സംഘം അഴിമതി വിമുക്തമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ

**തിരികെ അടയ്ക്കേണ്ടത്.**

10 തുല്യ തവണകളായി
ആദ്യ തവണ, തുക പിൻവലിച്ച് 6–) മത്തെ വർഷം മുതൽ.

## 3. സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി (ഗ്രാന്റ്)

ജി.ഒ (എം.എസ്) നമ്പർ 24/2000/സഹ തീയതി 23.02.2000
ജി.ഒ (എം.എസ്) നമ്പർ 62/2001/സഹ തീയതി 29.03.2001
ജി.ഒ (എം.എസ്) നമ്പർ 49/2012/സഹ തീയതി 20.04.2012
ജി.ഒ (എം.എസ്) നമ്പർ 120/2018/സഹ തീയതി 09.05.2018

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ ബാങ്കുകൾ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്ക് പ്രാഥമിക ചെലവുകൾക്കായി ഗ്രാന്റ് അനുവദിക്കുന്നു.

ഓരോ ഗ്രൂപ്പിനും – 1000/– രൂപ വീതം ധനസഹായം നൽകുന്നതാണ്.

## 4. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള പ്രോത്സാഹന സമ്മാനം :

ജി.ഒ.(ആർ.റ്റി) നമ്പർ 465/2011/സഹ തീയതി 11.08.2011

- ❖ കാർഷിക വായ്പയ്ക്ക് രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ അധികരിച്ച് പലിശ ഈടാക്കരുത്.
- ❖ പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- ❖ സംഘം അഴിമതി വിമുക്തമായിരിക്കണം.
- ❖ മുൻവർഷത്തെ വായ്പയുടെ തുകയും ധനസഹായം നൽകുന്ന വർഷത്തെ തുകയും തമ്മിൽ വ്യത്യാസമുള്ള തുകയുടെ 5% (പരമാവധി – 1,00,000/– രൂപ)
- ❖

## 5. നെൽക്കൃഷിയ്ക്കുള്ള വായ്പ കൂടുതൽ നൽകുന്നതിനുള്ള ധനസഹായം

ജി.ഒ(ആർ.റ്റി) നമ്പർ 465/2011/സഹ തീയതി – 11.08.2011

- ❖ സംഘം വിതരണം ചെയ്ത ആകെ കാർഷിക വായ്പ 10 ലക്ഷം രൂപയിൽ കുറയരുത്.
- ❖ മുൻ വർഷം വിതരണം ചെയ്ത ആകെ കാർഷിക വായ്പയുടെ 20% ൽ അധികരിച്ച് നെൽകൃഷിയ്ക്ക് വായ്പ നൽകിയിരിക്കണം.
- ❖ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/അഡ്മിനിസ്ട്രേറ്റർ ഉണ്ടായിരിക്കണം.
- ❖ മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം.
- ❖ സംഘം പ്രവർത്തനം അഴിമതി വിമുക്തമായിരിക്കണം. ഏറ്റവും കുറഞ്ഞ ധനസഹായം 10,000/– രൂപ അല്ലെങ്കിൽ നെൽകൃഷിയ്ക്ക് വിതരണം ചെയ്ത വായ്പയുടെ 5% (പരമാവധി 25,000/– രൂപ)

## 6. കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള പ്രോത്സാഹന ഗ്രാന്റ്

ജി.ഒ(ആർ.റ്റി) 465/2011/സഹ തീയതി – 11.08.2011

- ❖ സ്വന്തം ഫണ്ടുപയോഗിച്ചോ, NCDC/NABARD എന്നിവയിൽ നിന്നുള്ള വായ്പ ഉപയോഗിച്ചോ വാങ്ങിയതാകണം.
- ❖ സംഘം പ്രവർത്തനം അഴിമതിരഹിതമായിരിക്കണം.
- ❖ യന്ത്രം വാങ്ങിയതിനും സംഘത്തിന്റെ പേരിൽ രജിസ്ട്രേഷൻ നടത്തിയതിനുമുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം.
- ❖ യന്ത്രത്തിന്റെ വിലയുടെ 20% മോ 4 ലക്ഷം രൂപയോ ഏതാണോ കുറവ്
- ❖

## 7. നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പ – പലിശ സബ്സിഡി

സ.ഉ (കൈ) നമ്പർ 66/2011/സഹ. തീയതി – 28.03.2011

നെൽകർഷകർ നെൽകൃഷിയ്ക്കായി സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതിലൂടെ കർഷകർക്ക് വായ്പാ തിരിച്ചടവ് സുഗമമാക്കുകയും ഇതിലൂടെ സഹകരണ സംഘങ്ങൾ/ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് വായ്പ ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു.

### നിബന്ധനകൾ

1. വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന പദ്ധതി നടപ്പാക്കുന്നു.
2. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ് വിധേയമായാണ് നെൽകൃഷിയ്ക്ക് വായ്പാ അനുവദിക്കുന്നത്.
3. വായ്പാ കാലാവധി ഒരു വിളയ്ക്ക് പരമാവധി 180 ദിവസങ്ങൾ
4. വായ്പാ പരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയം.
5. ഹ്രസ്വകാല കാർഷിക വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകം.
6. വായ്പ മുതൽ വായ്പാ കാലാവധിക്കകം കർഷകർ തന്നെ തിരിച്ചടയ്ക്കേണ്ടതാണ്.
7. കർഷകർ എടുത്ത വായ്പകൾ തിരിച്ചടപ്പിക്കുന്നതിനും, പുതുക്കി നൽകുന്നതിനും, വീണ്ടും വായ്പ നൽകുന്നതിനുമുള്ള നടപടികൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കൈക്കൊള്ളേണ്ടതാണ്.
8. വായ്പാ തുക വകമാറ്റി ഉപയോഗിച്ചതായി ബോദ്ധ്യപ്പെട്ടാൽ കാലാവധി കണക്കാക്കാതെ വായ്പ തിരിച്ചടയ്ക്കുന്നതിന് സഹകരണ ബാങ്കുകൾ നടപടി സ്വീകരിക്കേണ്ടതും വായ്പ പലിശ വായ്പാക്കാരിൽ നിന്നും ഈടാക്കേണ്ടതുമാണ്.
9. വായ്പാ കാലാവധിക്കു ശേഷമുള്ള പലിശ ഈ പദ്ധതി പ്രകാരം ക്ലെയിം ചെയ്യാൻ പാടില്ല.
10. ഗുണഭോക്താക്കളുടെ നെൽകൃഷി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സംഘം/ബാങ്ക് സ്വീകരിക്കേണ്ടതാണ്.
11. വായ്പാ കാലാവധിവരെയുള്ള പലിശ കർഷകരിൽനിന്നും ഇടാക്കാൻ പാടുള്ളതല്ല. ഇതിനുള്ള ക്ലെയിം സംഘങ്ങൾ/ബാങ്കുകൾ യഥാസമയം സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റേണ്ടതാണ്. യഥാസമയം ക്ലെയിം സമർപ്പിക്കാത്തത് മൂലമുണ്ടാകുന്ന നഷ്ടത്തിന് സംഘം/ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവും ഭരണസമിതിയും ഉത്തരവാദിയായിരിക്കും.
12. ഓരോ വിളയ്ക്കും വായ്പാ എടുക്കുന്ന കർഷകരുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സംഘം എഴുതി സൂക്ഷിക്കണം.
13. ഹ്രസ്വകാല കാർഷികവിള വായ്പകൾ/കെ.സി.സി. പദ്ധതികൾ പ്രകാരം വായ്പ നൽകുമ്പോഴുള്ള നടപടി ക്രമങ്ങൾ ഇക്കാര്യത്തിലും സ്വീകരിക്കേണ്ടതാണ്. രജിസ്ട്രാർ നിശ്ചയിച്ച് നൽകിയിട്ടുള്ള പലിശ മാർജിൻ സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഈടാക്കാവുന്നതാണ്.

### ധനസഹായം

- ഓരോ സീസൺ കഴിയുമ്പോഴും വായ്പാ നെൽ കൃഷിക്കാരൻ ഉപയോഗിച്ചിട്ടുള്ളതെന്ന സാക്ഷ്യപത്രം സഹിതം സംഘം/ബാങ്ക് ക്ലെയിം സമർപ്പിക്കേണ്ടതാണ്. താലൂക്കുകളിലെ ക്ലെയിം ക്രോഡീകരിച്ച് ജോയിന്റ് രജിസ്ട്രാർമാർ ജില്ലയുടെ ക്ലെയിം ശുപാർശയോടെ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും, അർഹമായ തുക രജിസ്ട്രാർ അനുവദിക്കുന്നതുമാണ്.
- വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, അഗ്രിക്കൾച്ചറൽ ആഫീസറുടെ സർട്ടിഫിക്കറ്റ്, ക്ലെയിം സമർപ്പിക്കുന്നതിനുള്ള പ്രൊഫോർമ എന്നിവയും കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## 8. ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം

ജി.ഒ(എം.എസ്) നമ്പർ 181/98/സഹ. തീയതി 28.12.1998

### നിബന്ധനകൾ

1. എംപ്ലോയീസ് സഹകരണ സംഘങ്ങളെ ജോയിന്റ് രജിസ്ട്രാർ തെരഞ്ഞെടുക്കണം.
2. ഏറ്റവും കുറഞ്ഞത് 100 അംഗങ്ങൾ ഉണ്ടായിരിക്കണം
3. ഏറ്റവും കുറഞ്ഞത് 10000/- രൂപ ഓഹരിയുണ്ടായിരിക്കണം.
4. ധനസഹായം നൽകുന്നതിന് തൊട്ട് മുമ്പുള്ള വർഷത്തിലെ ആഡിറ്റ് പൂർത്തിയായിരിക്കണം - ആഡിറ്റ് ക്ലാസിഫിക്കേഷൻ 'സി' യിൽ താഴെയാകരുത്.
5. സർക്കാരിന് ഓഹരി എടുക്കാനും അംഗമാകാനും ബൈലായിൽ വ്യവസ്ഥയുണ്ടാകണം.
6. മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/പെയ്ഡ്ക്ലാർക്ക് ഉണ്ടായിരിക്കണം.
7. മാർച്ച് 31-ന് അവസാനിച്ച മുൻവർഷം 100000/- രൂപയിൽ കുറയാതെ വായ്പ നൽകിയിരിക്കണം.
8. ടി കാലയളവിലെ വായ്പ കുടിശ്ശിക 30 ശതമാനത്തിൽ അധികരിക്കരുത്.
9. അംഗങ്ങൾക്ക് വായ്പ നൽകുന്നതിനും, നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
10. മേൽ വ്യവസ്ഥകളിൽ (2), (3), (7) എന്നീ വ്യവസ്ഥകൾ ഒഴിച്ചുകൂടാനാവാത്തതും എങ്കിലും ഇത്തരം കേസുകളിൽ ഇളവ് നൽകാൻ രജിസ്ട്രാർക്ക് അധികാരമുണ്ടായിരി ക്കുന്നതുമാണ്.

### അർഹതപ്പെട്ട തുക

- ❖ അംഗങ്ങളും ഗവൺമെന്റും തമ്മിലുള്ള ഓഹരി അനുപാതം 1 : 5 എന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി 5000 രൂപയായിരിക്കും
- ❖ നിർദ്ദിഷ്ട രീതിയിൽ അപേക്ഷ (ഫോറത്തിൽ) സമർപ്പിക്കണം.
- ❖ **ഭരണസമിതി തീരുമാനം** - ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും ഓഹരി അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കുമെന്നും സമ്മതിച്ചുകൊണ്ടുള്ള തീരുമാനം.

### തിരിച്ചടവ്

തുക 15 വർഷംകൊണ്ട് 10 തുല്യ വാർഷിക തവണകളായി തിരികെ അടയ്ക്കണം

ആദ്യതവണ, തുക പിൻവലിച്ച് 6-)മത്തെ വർഷം

## 9. സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണം, കോർബാങ്കിംഗ്, എ.റ്റി.എം, സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം.

ജി.ഒ (എം.എസ്) നമ്പർ 20/2013 സഹ. തീയതി 02.02.2013

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/പ്രാഥമിക വായ്പാ സംഘങ്ങൾ കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ്, എ.റ്റി.എം നിർമ്മാണം, ആധുനികവത്ക്കരണം പ്രാഥമിക വായ്പാ സംഘങ്ങൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ബാങ്കുകൾ - 10 ലക്ഷം രൂപ അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ്

### ധനസഹായത്തിന്റെ രീതി

പ്രോജക്ടിന്റെ 50% വായ്പ, 20% ഓഹരി, 20%സബ്സിഡി, 10% സംഘം/ബാങ്ക് വിഹിതം

**ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉണ്ടായിരിക്കണം**

- ❖ ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്നുമുള്ള ധാരണാപത്രം.
- ❖ പ്രോജക്റ്റ് റിപ്പോർട്ടും പ്രയോഗക്ഷമത സംബന്ധിച്ച ജോയിന്റ് രജിസ്ട്രാരുടെ റിപ്പോർട്ടും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള ടെക്നിക്കൽ റിപ്പോർട്ടും ഉള്ളടക്കം ചെയ്യണം.
- ❖ സംഘം അഴിമതി വിമുക്തമാണെന്നുള്ള ജോയിന്റ് രജിസ്ട്രാരുടെ സാക്ഷ്യപത്രം.
- ❖ സർക്കാരിലേയ്ക്ക് /കുടിശ്ശിക ഒന്നുംതന്നെ അടക്കുവാൻ ബാക്കിനിൽപ്പില്ലെന്ന ജോയിന്റ് രജിസ്ട്രാരുടെ സാക്ഷ്യപത്രം.
- ❖ ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
- ❖ സംഘത്തിന് മുഴുവൻ സമയ വേതനം പറ്റുന്ന സെക്രട്ടറി, ചീഫ് എക്സിക്യൂട്ടീവ്, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/ ഭരണാധികാരി ഉണ്ടായിരിക്കണം

മോർട്ട്ഗേജ് ഡീഡ്, ഹൈപ്പോത്തിക്കേഷൻ എന്നിവ തയ്യാറാക്കി പണം പിൻവലിക്കുന്നതിനുള്ള അപേക്ഷ Cഫോറത്തിലും, എഗ്രിമെന്റ് Dഫോറത്തിലും സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം പിൻവലിക്കുന്ന തുക പിൻവലിച്ചാൽ 3 മാസത്തിനുള്ളിൽ വിനിയോഗിക്കേണ്ടതാണ്. അപ്രകാരം വിനിയോഗിക്കാത്ത പക്ഷം ധനസഹായത്തുക ഒന്നായി പലിശ സഹിതം സർക്കാരിലേയ്ക്ക് മടക്കി അടയ്ക്കേണ്ടതാണ്.

**<u>തിരിച്ചടവ്</u>**

- ❖ വായ്പാ തുക 10 തുല്യ വാർഷിക തവണകളായി അടയ്ക്കണം. തുക പിൻവലിച്ചതിന്റെ ഒന്നാം വർഷം മുതൽ ആദ്യ ഗഡു അടയ്ക്കേണ്ടതാണ്.
- ❖ ഓഹരി തുക 11 വർഷത്തിനുള്ളിൽ 10 തുല്യ വാർഷിക തവണകളായി അടക്കണം. തുക പിൻവലിച്ചതിന്റെ ഒന്നാം വർഷം മുതൽ ആദ്യ ഗഡു അടയ്ക്കേണ്ടതാണ്

ബി) സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ –

100 ലക്ഷം അല്ലെങ്കിൽ പ്രോജക്റ്റ് കോസ്റ്റിന്റെ 90 ശതമാനം ഏതാണോ കുറവ്.

## 10. <u>അർബൻ സഹകരണ ബാങ്കുകൾക്കുള്ള ഓഹരി</u>

ജി.ഒ (എം.എസ്) നമ്പർ 773/2010/സഹ. തീയതി 08.12.2010

അർബൻ സഹകരണ ബാങ്കുകളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഓഹരിയിനത്തിൽ ധനസഹായം ലഭിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

1. ബാങ്കിന് ഭാരതീയ റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഉണ്ടായിരിക്കണം
2. ബാങ്കിന് കുറഞ്ഞത് 4000 അംഗങ്ങൾ ഉണ്ടായിരിക്കണം.
3. കുറഞ്ഞത് 200000/- രൂപ വ്യക്തി അംഗങ്ങളിൽനിന്നും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമുണ്ടായിരിക്കണം.
4. പ്രവർത്തന പരിധിയിൽ അതിവ്യാപനം ഉണ്ടാകാൻ പാടില്ല.
5. ബൈലായിൽ സർക്കാർ ഓഹരി വാങ്ങുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം.
6. യോഗ്യതയുള്ള മുഴുവൻ സമയ ജനറൽ മാനേജർ/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
7. ആഡിറ്റ് ക്ലാസിഫിക്കേഷൻ ..................ഇവയിലേതെങ്കിലും ആയിരിക്കണം.
8. CRAR അനുപാതം 9% ൽ അധികരിക്കാൻ പാടുള്ളതല്ല.
9. തൻവർഷത്തെ വായ്പാ വിതരണം 1 കോടി രൂപയിൽ കുറയാൻ പാടുള്ളതല്ല.
10. പരമാവധി ലഭിക്കാവുന്ന ധനസഹായം 10 ലക്ഷം രൂപാ അല്ലെങ്കിൽ വ്യക്തി അംഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം ഇതിൽ ഏതാണോ കുറവ് (ധനസഹായം രണ്ട് തവണയായി. ഒരു തവണ 5 ലക്ഷം മാത്രം).

11. ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്ന ധാരണാ പത്രം
12. ഓഹരി മൂലധനത്തിനായി സർക്കാരിനോട് അപേക്ഷിച്ചുകൊണ്ടുള്ള തീരുമാനം
13. സർക്കാരിലേയ്ക്ക് കുടിശ്ശിക ഒന്നും തന്നെ അടക്കുവാനില്ലെന്നും സംഘം അഴിമതി വിമുക്തമാണെന്നുമുള്ള കൺകറന്റ് ആഡിറ്ററുടെ സാക്ഷ്യപത്രം ജോയിന്റ് രജിസ്ട്രാർ മേലൊപ്പ് വച്ച് ഉള്ളടക്കം ചെയ്യണം.
14. മേൽചട്ടങ്ങളിൽ ആവശ്യമുള്ള ഘട്ടത്തിൽ ഇളവു നൽകാൻ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും

**തിരിച്ചടക്കേണ്ടത് – 10 വാർഷിക തുല്യതവണകളായി. ആദ്യതവണ 3–)മത്തെ വർഷം മുതൽ**

## 11. <u>അർബൻ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി</u>

ജി.ഒ (എം.എസ്) നമ്പർ 68/2014/സഹ. തീയതി 27.05.2014

ജി.ഒ (എം.എസ്) നമ്പർ 88/2015/സഹ. തീയതി 21.07.2015

അർബൻ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറയ്ക്കായി സർക്കാർ ഓഹരിയിനത്തിൽ ധനസഹായം ലഭിക്കുന്നതിനായി അർബൻ സഹകരണ സംഘങ്ങൾ ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്

- സംഘത്തിന് കുറഞ്ഞത് 2000 അംഗങ്ങൾ ഉണ്ടായിരിക്കണം.
- കുറഞ്ഞത് 200000/- രൂപ വ്യക്തി അംഗങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമുണ്ടായിരിക്കണം.
- പ്രവർത്തന പരിധിയിൽ അതിവ്യാപനം ഉണ്ടാകാൻ പാടില്ല.
- ബൈലായിൽ സർക്കാർ ഓഹരി വാങ്ങുന്നതിന് വ്യവസ്ഥയുണ്ടായിരിക്കണം.
- യോഗ്യതയുള്ള മുഴുവൻ സമയ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം.
- ആഡിറ്റ് ക്ലാസിഫിക്കേഷൻ A,B,C ഇവയിലേതെങ്കിലും ആയിരിക്കണം.
- ധനസഹായത്തിന് അപേക്ഷിക്കുന്ന വേളയിൽ സംഘത്തിന്റെ വായ്പാ ബാക്കി നിൽപ്പ് 1 കോടി രൂപയിൽ കുറയാൻ പാടുള്ളതല്ല.
- നിക്ഷേപ ബാക്കി നിൽപ്പ് 1.50 കോടി രൂപയിൽ കുറയുവാൻ പാടില്ല.
- കുടിശ്ശിക ശതമാനം 30 ശതമാനത്തിൽ അധികരിക്കുവാൻ പാടില്ല.
- അപേക്ഷ സമർപ്പിക്കുന്ന വേളയിൽ പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം.
- മുൻവർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിരിക്കണം.
- സർക്കാരിലേയ്ക്ക് യാതൊരു കുടിശ്ശികയും ഉണ്ടാകാൻ പാടില്ല.
- പരമാവധി ധനസഹായം 2 ലക്ഷം രൂപ (ഒരു തവണ ഒരു ലക്ഷം രൂപ മാത്രം)
- ധനസഹായത്തിനുള്ള അപേക്ഷ ജോയിന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതമാണ് സമർപ്പിക്കേണ്ടത്

**<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>**

1. ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്നുമുള്ള ധാരണാപത്രം
2. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ള തീരുമാനം.
3. സർക്കാരിലേയ്ക്ക് കുടിശ്ശിക ഒന്നുംതന്നെ അടക്കുവാനില്ലെന്നും സംഘം അഴിമതി വിമുക്തമാണെന്നുമുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം

**തിരിച്ചടവ് – 10 വാർഷിക തുല്യതവണകളായി. ആദ്യ തവണ 3–) മത്തെ വർഷം മുതൽ**

## 12. ബയോഗ്യാസ് പ്ലാന്റ് – പലിശ രഹിത വായ്പാ പദ്ധതി

ജി.ഒ (എം.എസ്) നമ്പർ 40/2015/സഹ. തീയതി 25.03.2015

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖാന്തിരം ഒരു ക്യൂബിക് വരെയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 20000/– രൂപാ വരെ ഒരു കുടുംബത്തിന് ഒരു വർഷത്തെ കാലാവധിയ്ക്ക് പലിശരഹിത വായ്പാ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

### നിബന്ധനകൾ

1. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ്/ശുചിത്വ മിഷൻ അംഗീകരിച്ച സേവന ദാതാക്കൾ നിർമ്മിക്കുന്ന ഒരു ക്യൂബിക് വരെയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്കാണ് വായ്പ അനുവദിക്കുന്നത്.
3. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന കാർഷിക അനുബന്ധ വായ്പകൾക്ക് കാലാകാലങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന പലിശ നിരക്ക് ഈ പദ്ധതിയ്ക്ക് ബാധകമായിരിക്കും. ഇപ്പോൾ പലിശ നിരക്ക് 11 ശതമാനം ആയിരിക്കും.
4. വായ്പയുടെ മുതൽ തുക വായ്പാ കാലാവധിക്കകം വായ്പാക്കാരൻ തിരിച്ചടക്കേണ്ടതാണ്. കാലാവധിയ്ക്ക് ശേഷമുള്ള പലിശ ഈടാക്കുവാൻ പാടുള്ളതല്ല, ഈ പദ്ധതി പ്രകാരം വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതാണ്.
5. ഉറവിടത്തിൽതന്നെ മാലിന്യ സംസ്കരണത്തിനും പാചക വാതക ഉപയോഗത്തിനും ഉദ്ദേശിച്ച് നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ കൈമാറുകയോ ദുരുപയോഗം ചെയ്തതായോ/വകമാറ്റി ചെലവ് ചെയ്തതായോ ബോധ്യപ്പെട്ടാൽ കാലാവധി കണക്കാക്കാതെ വായ്പാ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ബാങ്കുകൾ/സംഘങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ അത്തരം വായ്പയുടെ പലിശ വായ്പാക്കാരനിൽ നിന്നുതന്നെ ഈടാക്കേണ്ടതാണ്.
6. വായ്പയുടെ കാലാവധിവരെയുള്ള പലിശ വായ്പാക്കാരനിൽനിന്നും ഈടാക്കുവാൻ പാടുള്ളതല്ല. ഈ പലിശ ലഭിക്കുന്നതിനുള്ള ക്ലെയിമും അതാതു സംഘങ്ങൾ/ബാങ്കുകൾ യഥാസമയം സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംഘം/ബാങ്ക് ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉറപ്പുവരുത്തേണ്ടതാണ്.
7. ബയോഗ്യാസ് പ്ലാന്റുകൾക്കായി വായ്പ എടുക്കുന്നവരുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സംഘം/ബാങ്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.
8. ഇപ്രകാരം സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് അനുവദനീയമായ സബ്സിഡി ലഭിക്കുകയാണെങ്കിൽ ടി തുക വായ്പാ നൽകിയ സംഘം/ബാങ്കിൽ അടച്ച് വായ്പാക്കണക്കിൽ വരവുവച്ചു കൊള്ളാം എന്ന സത്യവാങ്മൂലം ഓരോ അപേക്ഷകരിൽ നിന്നും സംഘം/ബാങ്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.
9. പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം വായ്പാക്കാരന്റേതാണ് എന്ന് ഉറപ്പുവരുത്തുന്നതിനായി വസ്തു നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് സംഘങ്ങൾ/ബാങ്കുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. പ്ലാന്റ് സ്ഥാപിക്കുമ്പോൾ സേവന ദാതാക്കൾ വായ്പാക്കാരന് നൽകുന്ന ബില്ലിന്റെ പകർപ്പും സംഘത്തിൽ/ബാങ്കിൽ സൂക്ഷിക്കേണ്ടതാണ്.
10. വായ്പകൾ നൽകുമ്പോൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ തന്നെ ഇക്കാര്യത്തിലും സംഘങ്ങൾ/ബാങ്കുകൾ

സ്വീകരിക്കേണ്ടതാണ്. വായ്പാക്കാരന്റെ സ്വന്തം ജാമ്യത്തിലും മറ്റൊരു അംഗത്തിന്റെ ജാമ്യത്തിലും വായ്പ അനുവദിക്കാവുന്നതും പ്ലാന്റ് സംഘത്തിന്റെ/ബാങ്കിന്റെ പേരിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്യേണ്ടതുമാണ്.

11. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശ ക്ലെയിം സ്റ്റേറ്റ്മെന്റ് ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, മാർച്ച് 31 എന്നീ പാദങ്ങളിലായി സമർപ്പിക്കേണ്ടതാണ്.

## 13. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

ജി.ഒ (ആർ.റ്റി) നമ്പർ 42/2012/സഹ. തീയതി 30.03.2012

ജി.ഒ (ആർ.റ്റി) നമ്പർ 35/2019/സഹ. തീയതി 20.09.2019

സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് നടത്തിവരവേ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടുപോകുന്നവരുടെ പേരിലുള്ള വായ്പാ ബാധ്യത ഒഴിവാക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ഒരു ജീവകാരുണ്യ പദ്ധതിയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 01.04.2008 മുതൽ പ്രാബല്യത്തിലുള്ള ഈ പദ്ധതി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്

വായ്പ എടുത്ത അംഗം വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം വായ്പാ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന 200000 രൂപാ വരെയുള്ള ബാദ്ധ്യതയിൽ നിന്നുമാണ് ഇപ്പോൾ ഒഴിവാക്കുന്നത്.

അതോടൊപ്പം കാൻസർ രോഗം, വൃക്ക സംബന്ധമായ രോഗം ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ പക്ഷാഘാതം വന്ന് ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ അഞ്ച് മാരക രോഗം ബാധിച്ചവരുടെ 100000/- രൂപ വരെയുള്ള ബാദ്ധ്യത എഴുതിതള്ളുന്നതിനും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്

## 14. പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ/സ്റ്റോറുകളുടെ പുനരുദ്ധാരണം

### ഉപഭോക്തൃ സഹകരണ സംഘങ്ങൾ.

<u>പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ/സ്റ്റോറുകളുടെ പുനരുദ്ധാരണം</u>

ജി.ഒ (എം.എസ്) 179/98/സഹ. തീയതി 22.12.1998
ജി.ഒ (എം.എസ്) 70/2001/സഹ. തീയതി 06.04.2001
ജി.ഒ (എം.എസ്) 43/2018/സഹ. തീയതി 15.12.2018

<u>(എ) ഓഹരി മൂലധനം</u>

ആദ്യത്തെ 2 വർഷം 200000/- രൂപ വച്ചും മൂന്നാമത്തെ വർഷം 100000/- രൂപയും ഉൾപ്പെടെ ആകെ 500000 ലക്ഷം രൂപ

<u>നിബന്ധനകൾ</u>

- ❖ ബൈലായിൽ സർക്കാർ അംഗത്വത്തിന് വ്യവസ്ഥ ഉണ്ടാകണം.
- ❖ കുറഞ്ഞത് 100 അംഗങ്ങളും 12000 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ടാകണം.
- ❖ ഒരു ജീവനക്കാരന്റെ പ്രതിദിന വിൽപ്പന (ശരാശരി) കുറഞ്ഞത് 2000 രൂപ കൈവരിക്കാൻ ബാദ്ധ്യസ്ഥമാണ്. (പ്രതിദിന ശരാശരി വിൽപ്പന 2000/- രൂപയിൽ നോൺ കൺട്രോൾഡ് ഇനത്തിലുള്ള വിൽപ്പന ഒഴികെ ആയിരിക്കണം.) ഉണ്ടായിരിക്കണം.
- ❖ സംഘം ടെക്സ്റ്റൈയിലും. സിമന്റും വ്യാപാരം ചെയ്യുവാനോ, അനുവദിക്കുന്ന സാമ്പത്തിക സഹായം ഈ ആവശ്യത്തിന് ഉപയോഗിക്കുവാനോ പാടില്ല.

- ❖ നാഷണൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പലവ്യഞ്ജനം, സ്റ്റേഷനറി, അലൂമിനിയം, സ്റ്റീൽ, ഹാർഡ് വെയർ, സൗന്ദര്യ വർദ്ധക സാധങ്ങൾ എന്നിവയിൽ മിനിമം റൊട്ടേഷൻ ഉറപ്പാക്കണം.
- ❖ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം..
- ❖ അപേക്ഷയോടൊപ്പം പ്രോജക്റ്റ് റിപ്പോർട്ട്, ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണ സമിതി തീരുമാനങ്ങൾ
- ❖ പ്രോജക്റ്റ് നടപ്പിലാക്കുന്നതിലൂടെ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെട്ടുമെന്ന ജോയിന്റ് രജിസ്ട്രാറുട സർട്ടിഫിക്കറ്റ്.
- ❖ രണ്ടാം വർഷത്തെ പ്രൊപ്പോസലിനൊപ്പം ചട്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
- ❖ ആഡിറ്റ് റിപ്പോർട്ട്, താൽക്കാലിക ലാഭനഷ്ട കണക്കും, ബാലൻസ് ഷീറ്റും.
- ❖ അഴിമതി രഹിത – കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്, ബൈലായുടെ പകർപ്പ് എന്നിവയും കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.
- ❖ തിരിച്ചടവ് 15 വർഷം (10 തുല്യ വാർഷിക തവണകളായി) ആദ്യ തവണ തുക പിൻവലിച്ച് 6–)0 വർഷം മുതൽ.

**(ബി) മാനേജീരിയൽ സബ്സിഡി**

| | |
|---|---|
| മൂന്ന് വർഷത്തേയ്ക്ക് | 8 പരമാവധി 50000/– രൂപ |
| ഒന്നാം വർഷം | 8 പരമാവധി 20000/– രൂപ |
| രണ്ടാം വർഷം | 8 പരമാവധി 20000/– രൂപ |
| മൂന്നാം വർഷം | 8 പരമാവധി 10000/– രൂപ |

ഈ പദ്ധതി പ്രകാരം നേരത്തെ സംഘത്തിന് ലഭിച്ചിട്ടുള്ള ധനസഹായത്തിന് പുറമേ ആയിരിക്കും ധനസഹായം അനുവദിക്കുന്നത്. പ്രോജക്റ്റ് കോസ്റ്റിന്റെ 25 ശതമാനം എങ്കിലും സംഘം സ്വന്തമായോ, അധിക ഓഹരി സമാഹരണത്തിലൂടെയോ ദീർഘകാല നിക്ഷേപങ്ങൾ മുഖേനയോ കണ്ടെത്തണം.

## 15. നീതിസ്റ്റോറും നീതി മെഡിക്കൽ സ്റ്റോറും നടത്തുന്നതിനുള്ള ഓഹരി മൂലധന വിഹിതവും സബ്സിഡിയും

ജി.ഒ (എം.എസ്) 139/98 സഹ. തീയതി 19.09.1998

- ❖ നീതിസ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ/ജില്ലാ സഹകരണ മൊത്ത വ്യാപാര സ്റ്റോർ/പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.
- ❖ ബൈലായിൽ ഓഹരിയ്ക്കും ധനസഹായം സ്വീകരിക്കുന്നതിനും വ്യവസ്ഥ ഉണ്ടാകണം. രജിസ്ട്രാർ നിർദ്ദേശക്കുന്ന രീതിയിൽ ബിസിനസ്സ് നടത്തുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനും ബൈലായിൽ ഭേദഗതി വരുത്തണം.
- ❖ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് രജിസ്ട്രാർ അനുവദിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർമാർ തുക അനുവദിക്കുന്നു.
- ❖ ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിക്കുമെന്ന് ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം.
- ❖ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി തുക രജിസ്ട്രാർ/സർക്കാർ നിശ്ചയിക്കും. കഴിഞ്ഞ വർഷങ്ങളിലെ വിൽപ്പനയും തൻവർഷം ടാർജറ്റ് ചെയ്തിട്ടുള്ള വിൽപ്പനയും കണക്കിലെടുക്കും.

**തിരിച്ചടവ്**

ഓഹരി – 10 വർഷത്തേയ്ക്ക് അനുവദിക്കുന്നു. 5 വാർഷിക തുല്യ തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തവണ തുക അനുവദിച്ച് 5–)0 വർഷം മുതൽ

## 16. നീതിസ്റ്റോർ നടത്തുന്നതിലേയ്ക്കായി കേരണള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനും പ്രാഥമിക കാർഷിക വായ്പാ സംഘത്തിനും പലിശ രഹിത വായ്പ

ജി.ഒ (എം.എസ്) 863/99/സഹ. തീയതി 10.02.1999

- ❖ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാർ/രജിസ്ട്രാർ ധനസഹായത്തിന്റെ തോത് നിശ്ചയിക്കും.

❖ നീതി സ്റ്റോർ നടത്തുന്ന ഫെഡറേഷൻ/പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/എന്നിവയുടെ സ്റ്റോക്ക് ത്രൈമാസ പരിശോധന നടത്തണം.

❖ പ്രോജക്റ്റിലെ സെയിൽസ് ബഡ്ജറ്റ് പ്രകാരം വിൽപ്പന നടത്തിയിരിക്കണം.

**<u>തിരിച്ചടവ്</u>**

ഓഹരി – 10 തുല്യ വാർഷിക തവണകൾ. ആദ്യ തവണ തുക വിതരണം ചെയ്ത തീയതി മുതൽ രണ്ട് വർഷം പൂർത്തീകരിച്ച്.

## 17. കൺസ്യൂമർ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം

ജി.ഒ (എം.എസ്) 40/95/സഹ. തീയതി 10.03.1995

ജി.ഒ (എം.എസ്) 102/98/സഹ. തീയതി 22.10.1996

ജി.ഒ (എം.എസ്) 123/98/സഹ. തീയതി 31.07.1998

ജി.ഒ (എം.എസ്) 86/2001/സഹ. തീയതി 23.06..2001

അർബൻ /സെമി അർബൻ/പഞ്ചായത്ത് വില്ലേജ് ഏരിയകളിലെ കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് സ്റ്റോർ/റീട്ടെയിൽ ഔട്ട് ലൈറ്റുകൾ ആരംഭിക്കുന്നതിന് സ്ക്വയർ ഫീറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു.

1. ഡിപ്പർട്ട്മെന്റ് സ്റ്റോർ

(എ) സെല്ലിംഗ് ഏര്യാ കുറഞ്ഞത് 1000 സ്ക്വയർ ഫീറ്റ് 1500 സ്ക്വയർ ഫീറ്റ് വരെ

| | |
|---|---|
| ഓഹരി മൂലധനം | 3,00,000 |
| ഫർണ്ണിച്ചറും ഫിക്സ്ചേഴ്സിനുമുള്ള വായ്പ | 1,20,000 |
| മാനേജീരിയൽ സബ്സിഡി | 30,000 |
| | 4,50,000 |

(ബി) സെല്ലിംഗ് ഏര്യാ 1500 സ്ക്വയർ ഫീറ്റിന് മുകളിൽ

| | |
|---|---|
| ഓഹരി മൂലധനം | |
| ഓഹരി മൂലധനം | 6,00,000 |
| ഫർണ്ണിച്ചറും ഫിക്സ്ചേഴ്സിനുമുള്ള വായ്പ | 2,00,000 |
| മാനേജീരിയൽ സബ്സിഡി | 50,000 |
| | 8,50,000 |

2. റീട്ടെയിൽ ഔട്ടലെറ്റ് (large sized)

ഷോപ്പ് ഏര്യാ 500 സ്ക്വയർ ഫീറ്റും 1000 സ്ക്വയർ ഫീറ്റിന് താഴെ

| | |
|---|---|
| ഓഹരി മൂലധനം | 900,000 |
| ഫർണ്ണിച്ചറും ഫിക്സ്ചേഴ്സിനുമുള്ള വായ്പ | 25,,000 |
| മാനേജീരിയൽ സബ്സിഡി | 10,000 |
| | 1,35,000 |

3. റീട്ടെയിൽ ഔട്ടലെറ്റ് (Small sized.)

ഷോപ്പ് ഏര്യാ 200 സ്ക്വയർ ഫീറ്റും 1000 സ്ക്വയർ ഫീറ്റിന് താഴെ

| | |
|---|---|
| ഓഹരി മൂലധനം | 45,000 |
| ഫർണ്ണിച്ചറും ഫിക്സ്ചേഴ്സിനുമുള്ള വായ്പ | 10,,000 |
| മാനേജീരിയൽ സബ്സിഡി | 5,000 |
| | 60,000 |

❖ ഓഹരി ധനസഹായത്തിന് ഫാറം എ-യിലും വായ്പയ്ക്ക് ഫാറം ബി-യിലും അപേക്ഷ സമർപ്പിക്കണം.

❖ ധനസഹായത്തിന് അപേക്ഷിക്കുന്നതിനും ചട്ടത്തിലെ വ്യവസ്ഥകളും രജിസ്ട്രാറുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങളും പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണ സമിതി തീരുമാനം (അനുബന്ധം III പ്രകാരം)

❖ പ്രോജക്റ്റ് റിപ്പോർട്ട്

❖ ഉപകരണങ്ങൾ, ഫർണ്ണിച്ചർ. ഫിക്സ്ചേഴ്സ് മുതലായവയുടെ ലിസ്റ്റ് (വായ്പാ ധനസഹായത്തിന്)

❖ ഡിപ്പാർട്ട്മെന്റ് സ്റ്റോർ/ഔട്ട് ലെറ്റിന്റെ സ്കെച്ച്

❖ കെട്ടിടം വാടകയ്ക്കുള്ളതാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം.

❖ അവസാന 3 വർഷത്തെ വ്യാപാര ലാഭനഷ്ടകണക്ക് ബാക്കിപത്രം അതിൽ ഒരു വർഷത്തെയെങ്കിലും കണക്കുകൾ ആഡിറ്റ് നടന്നിരിക്കണം.

❖ കൺസ്യൂമർ ഫെഡറേഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്ന മറ്റ് കൺസ്യൂമർ സംഘങ്ങളുടെ പരിധിയിൽ ഔട്ട് ലറ്റുകൾ തുടങ്ങുവാൻ പാടില്ല.

**തിരിച്ചടവ്**

ഓഹരി 10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തവണ 5-)0 വർഷം മുതൽ.

## 18. പ്രാഥമിക കൺസ്യൂമർ സ്റ്റോറുകൾ/ജില്ല് മൊത്ത വ്യാപാര സ്റ്റോറുകൾ എന്നിവയ്ക്കുള്ള ഓഹരു മൂലധന വിഹിതം.

ജി.ഒ (എം.എസ്) 38/79/എ.ഡി. തീയതി 26.01.1979
ജി.ഒ (എം.എസ്) 328/81/എ.ഡി. തീയതി 19.09.1981
ജി.ഒ (എം.എസ്) 150/99/സഹ. തീയതി 25.10.1999
സ.ഉ. (കൈ) നമ്പർ 214/2009 സഹ. തീയതി 17.12.2009

പ്രാഥമിക കൺസ്യൂമർ സഹകരണ സ്റ്റോറുകൾക്ക് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി പരമാവധി ധനസഹായം ചുവടെ ചേർക്കുന്ന പ്രാകാരം നൽകുന്നു.

വിറ്റുവരവ്

| | | |
|---|---|---|
| 7 ലക്ഷത്തിനു മുകളിൽ | - | 2 ലക്ഷം രൂപ |
| 4 ലക്ഷം - 7 ലക്ഷം രൂപ വരെ | - | 1 ലക്ഷം രൂപ. |
| 2 ലക്ഷം - 4 ലക്ഷം രൂപ വരെ | - | 50,000 രൂപ |
| 1 ലക്ഷം - 2 ലക്ഷം രൂപ വരെ | - | 25,000 രൂപ |

❖ ജില്ലാ മൊത്തവ്യാപാര കൺസ്യൂമർ സ്റ്റോറുകളുടെ വാർഷിക വിറ്റുവരവ് 45 ലക്ഷമോ അതിലധികമോ ഉണ്ടെങ്കിൽ 5,00,000/- രൂപ പരമാവധി 25,00,000/- രൂപയ്ക്ക് ഓഹരി മൂലധന വിഹിതത്തിന് അർഹതയുണ്ട്.

❖ നിയമാവലി സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന തരത്തിലായിരിക്കണം.

❖ പ്രാഥമിക കൺസ്യൂമർ സ്റ്റോറിൽ കുറഞ്ഞത് 100 അംഗങ്ങളും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 4000/- രൂപയുമുണ്ടായിരിക്കണം.

❖ മൊത്ത വ്യാപാര സ്റ്റോറിന് കുറഞ്ഞത് 10 അഫിലിയേറ്റഡ് പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും, 15000/- രൂപ അംഗസംഘങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും ഉണ്ടായിരിക്കണം.

❖ രജിസ്ട്രാർ നിർദ്ദേശിക്കുന്ന പക്ഷം മൊത്ത വ്യാപാര സ്റ്റോറിൽ മാനേജിംഗ് ഡയറക്ടർ ആയി സർക്കാർ ഉദ്യോഗസ്ഥന്റെ സേവനം സ്വീകരിക്കുമെന്ന സംഘത്തിന്റെ സമ്മതം.

❖ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും ചട്ടങ്ങൾ പാലിക്കുമെന്ന ഉറപ്പിനുള്ള ഭരണ സമിതി തീരുമാനം.

❖ കുടിശ്ശിക രഹിത-അഴിമതി രഹിത സർട്ടിഫിക്കറ്റുകൾ, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, താൽക്കാലിക വ്യാപാരം ലാഭ നഷ്ടക്കണക്കുകളും, ബാക്കി പത്രം തുടങ്ങിയവ സമർപ്പിക്കണം,

❖ പ്രാഥമിക കൺസ്യൂമർ സ്റ്റോറിനുള്ള ധനസഹായം സഹകരണ രജിസ്ട്രാറും, വ്യാപാര സ്റ്റോറുകൾക്കുള്ള ധനസഹായം സർക്കാരും അനുവദിക്കും.

**തിരിച്ചടവ്**

11 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തവണ തുക ട്രഷറിയിൽ നിന്നും മാറി 6-)0 വർഷം മുതൽ

## 19. സ്കൂൾ കോളേജ് സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റും മാനേജീരിയൽ സബ്സിഡിയും

ജി.ഒ (എം.എസ്) 400/70/എ.ജി തീയതി 25.11.1976

കോളേജ് സഹകരണ സംഘം 5000/- 900/-

സ്കൂൾ സഹകരണ സംഘം 2500/- 600/-

- ❖ ബൈലായിൽ വിദ്യാർത്ഥികളെ അംഗങ്ങളായോ, അസോസിയേറ്റ് അംഗങ്ങളായോ ചേർക്കുന്നതിന് വ്യവസ്ഥ ഉണ്ടാകണം.
- ❖ ഏറ്റവും കുറഞ്ഞത് 100 വിദ്യാർത്ഥികളെങ്കിലും അംഗങ്ങളായോ അസോസിയോറ്റ് അംഗങ്ങളായോ ഉണ്ടായിരിക്കണം.
- ❖ സ്കൂൾ സഹകരണ സംഘത്തിൽ 1000/- രൂപയും കോളേജ് സഹകരണ സംഘത്തിൽ 2000/- രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കണം.
- ❖ ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിക്കണമെന്ന് ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം.
- ❖ സംഘം കുടിശ്ശിക രഹിതവും, അഴിമതി രഹിതവും ആയിരിക്കണം.

## 20. സ്കൂൾ കോളേജ് സഹകരണ സംഘങ്ങൾക്ക് ഉപകരണങ്ങൾ, ഫർണ്ണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്

ജി.ഒ (എം.എസ്) 11/94/സഹ തീയതി 24.01.1994
ജി.ഒ (എം.എസ്) 54/95/സഹ തീയതി 25.03.1995
ജി.ഒ (എം.എസ്) 81/2010/സഹ. തീയതി 17.05.2010

### ഗ്രാന്റ്

- ❖ സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് പരമാവധി 25000/- രൂപ സ്കൂൾ സഹകരണ സംഘങ്ങൾ ഏറ്റവും കുറഞ്ഞത് 100 അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5000/- രൂപയും, വാർഷിക വിൽപ്പന 25000/- രൂപയുമുണ്ടായിരിക്കണം.
- ❖ കോളേജ് സഹകരണ സംഘത്തിൽ ഏറ്റവും കുറഞ്ഞത് 100 അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5000/- രൂപയും വാർഷിക വിറ്റുവരവ് 30000/- രൂപയും ഉണ്ടായിരിക്കണം.
- ❖ സംഘത്തിന് പ്രത്യേക മുറി സൗകര്യം ഉണ്ടായിരിക്കണം.
- ❖ അപേക്ഷയോടൊപ്പം ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, എല്ലാ വ്യവസ്ഥകളും പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം, ഏറ്റവും ഒടുവിലത്തെ വ്യാപാര ലാഭനഷ്ട കണക്ക്, ബാക്കി പത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വാങ്ങാനുദ്ദേശിക്കുന്ന ഫർണ്ണിച്ചറുകളുടെ ലിസ്റ്റ് അതിൽ രണ്ട് ഭരണ സമിതി അംഗങ്ങളും, സെക്രട്ടറിയും ഒപ്പുവച്ചിരിക്കണം.
- ❖ അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ

## 21. സ്കൂൾ കോളേജ് സഹകരണ സ്റ്റോറുകൾക്ക് സർക്കാർ ഓഹരി/മൂലധനം

ജി.ഒ (എം.എസ്) 16/86/സഹ തീയതി 19.02.1980

### ഓഹരി മൂലധനം

- ❖ വ്യക്തി അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ 5 ഇരട്ടി സ്കൂൾ സഹകരണ സ്റ്റോറുകൾക്ക് പരമാവധി 5000/- രൂപയും കോളേജ് സ്റ്റോറുകൾക്ക് പരമാവധി 15000/- രൂപയും ലഭിക്കും.
- ❖ രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുള്ള നിയമാവലി സ്വീകരിച്ചിരിക്കണം. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലായിൽ വ്യവസ്ഥയുണ്ടായിരിക്കണം.
- ❖ സ്കൂൾ സഹകരണ സ്റ്റോറുകളിൽ കുറഞ്ഞത് 100 അംഗങ്ങളും 1000/- രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും, 20000/- രൂപയുടെ വാർഷിക വിറ്റുവരവും ഉണ്ടാകണം.
- ❖ തിരിച്ചടവ് 15 വർഷത്തേയ്ക്ക് അനുവദിക്കുന്നു. തുല്യവാർഷിക 10 തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തിരിച്ചടവ് 6-)0 വർഷം മുതൽ.

## 22. സ്കൂൾ കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള ഗ്രാന്റ്/സബ്സിഡി

ജി.ഒ (എം.എസ്) 01/2019/സഹ തീയതി 13.01.2019

**ഗ്രാന്റ്**

- ❖ സ്കൂൾ സഹകരണ സംഘങ്ങൾക്ക് പരമാവധി 100000/- രൂപയും കോളേജ് സഹകരണ സംഘങ്ങൾക്ക് പരമധി 200000/- രൂപയും ധനസഹായം നൽകുന്നു.
- ❖ സ്കൂൾ സഹകരണ സംഘത്തിൽ ഏറ്റവും കുറഞ്ഞത് 50 അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 3000/- രൂപയും ഉണ്ടായിരിക്കണം.
- ❖ കോളേജ് സഹകരണ സംഘത്തിൽ ഏറ്റവും കുറഞ്ഞത് 100 അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഏഹരി മൂലധനം 5000/- രൂപയും 15000/- രൂപയുടെ വാർഷിക വിറ്റുവരവും ഉണ്ടാകണം.
- ❖ സംഘത്തിന് പ്രത്യേക മുറി സൗകര്യം ഉണ്ടായിരിക്കണം.
- ❖ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് പഠന ആവശ്യങ്ങൾക്കയി ബാഗ്, സ്റ്റേഷണറി സാധനങ്ങൾ യൂണിഫോമുകൾ സൗന്ദര്യ വർദ്ധക വസ്തുക്കൾ സൊസൈറ്റിയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് സഹായം നൽകുന്നു.
- ❖ സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് രജിസ്ട്രാർ അനുവദിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർമാർ തുക അനുവദിക്കുന്നു.
- ❖ ഡയറക്ടർ ബോർഡിൽ നിന്നുള്ള മൂന്നംഗങ്ങളും പി.റ്റി.എ പ്രസിഡന്റും ഉൾപ്പെടെയുള്ളവർ അനുവദിച്ച തുക ശിരയായ രീതിയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ❖ ഒരു വർഷം രണ്ട് തവണകളായിട്ടാണ് സബ്സിഡി തുക അനുവദിക്കുന്നത്.
  ടി തുക നിശ്ചിത കാലയളവിനുള്ളിൽ വിനിയോഗിക്കാത്ത പക്ഷം ടി തുക റവന്യൂ റിക്കവറി പ്രകാരം എടുക്കുന്നതാണ്.
- ❖ അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ

## 23. വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

ജി.ഒ (എം.എസ്) 21/2019/സഹ തീയതി 12.06.2019

സബ്സ്ഡി – 60%

ഓഹരി – 40%

- ❖ ആകെ ധനസഹായം - പരമാവധി 20 ലക്ഷം രൂപ
- ❖ പ്രോജക്റ്റ് റിപ്പോർട്ട് രജിസ്ട്രാർ അംഗീകരിക്കണം.
- ❖ മിനിമം 5 പേർക്ക് തൊഴിൽ അവസരം ഉറപ്പാക്കണം.
- ❖ കെട്ടിടം പണിയുന്നതിന് യാതൊരു കാരണവശാലും ധനസഹായം നൽകുന്നതല്ല.

**നിബന്ധനകൾ**

- ❖ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം കുറഞ്ഞത് 50000 ഉണ്ടായിരിക്കണം.
- ❖ പൂർണ്ണസമയ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം
- ❖ സംഘം ബൈലായിൽ സർക്കാർ ഓഹരി വാങ്ങുന്നതിനുള്ള വ്യവസ്ഥയുണ്ടായിരിക്കണം.
- ❖ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം
- ❖ സംഘം അവസാനത്തെ 3 വർഷം നഷ്ടത്തിലായിരിക്കുകയും നെഗറ്റീവ് നെറ്റ് വർത്ത് ആയിരിക്കുകയും വേണം
- ❖ സംഘം അഴിമതി രഹിതമായിരിക്കണം.
- ❖ ധനസഹായത്തിനുള്ള അപേക്ഷയിൽ ചീഫ് എക്സിക്യൂട്ടീവും, പ്രസിഡന്റും 3 ഭരണസമിതി അംഗങ്ങളും ഒപ്പിട്ടിരിക്കണം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.
- ❖ ധനസഹായത്തിനുള്ള വ്യവസ്ഥകളും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും പാലിച്ചുകൊള്ളാമെന്നുമുള്ള ധാരണാപത്രം.
- ❖ സംഘം അഴിമതി രഹിതമാണെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം
- ❖ പദ്ധതി റിപ്പോർട്ട്, ഏറ്റവും അവസാന വർഷത്തെ ആഡിറ്റ് ചെയ്ത ബാക്കിപത്രത്തിന്റെ പകർപ്പും താൽക്കാലിക കടധനപട്ടികയുടെ പകർപ്പും.
- ❖ ധനസഹായത്തിനുള്ള അപേക്ഷ ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കണം.

ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം പിൻവലിച്ചാൽ ഒരു വർഷത്തിനുള്ളിൽ വിനിയോഗിച്ചിരിക്കണം.

**തിരിച്ചടവ്**

| | | |
|---|---|---|
| ഓഹരി തുക | – | 10 തുല്യ വാർഷിക ഗഡുക്കൾ |
| ആദ്യതവണ | – | പിൻവലിച്ച തീയതി മുതൽ 2–)0 വർഷം |

## 24. വനിതാ സഹകരണ സംഘങ്ങൾ

ജി.ഒ (എം.എസ്) 328/77എ.ഡി തീയതി 16.11.1977

ജി.ഒ (എം.എസ്) 81/09/എ.ഡി തീയതി 01.06.2009

ജി.ഒ (എം.എസ്) 43/18/സഹ. തീയതി 15.12.2018

**എ) ഓഹരി മൂലധനം** –– സംഘത്തിന്റെ പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 10 ഇരട്ടി (പരമാവധി രണ്ട് ലക്ഷം രൂപ)

**നിബന്ധനകൾ**

- ❖ സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങൾ ഉണ്ടായിരിക്കണം.
- ❖ പിരിച്ചെടുത്ത ഓഹരി മൂലധനം കുറഞ്ഞത് 5000/– രൂപയെങ്കിലും ഉണ്ടായിരിക്കണം.
- ❖ ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടാക്കണം.
- ❖ അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:5 ആയി നിലനിറുത്തണമെന്ന ഭരണസമിതിയുടെ ഉറപ്പ്. അപേക്ഷയോടൊപ്പം
- ❖ ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ളതും, ധനസഹായത്തിനുള്ള തുകയുടെയും ഉദ്ദേശത്തിന്റെയും വിവരങ്ങളും ആയത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊള്ളാമെന്നുമുള്ള ഭരണസമിതി തീരുമാനം.
- ❖ സർക്കാരിലേയ്ക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്
- ❖ സംഘം അഴിമതി വിമുക്തമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്
- ❖ പ്രോജക്റ്റ് റിപ്പോർട്ട്, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് താൽക്കാലിക ബാലൻസ് ഷീറ്റ്

**തിരിച്ചടവ്**

10 തുല്യ തവണകളായി

ആദ്യ തവണ തുക പിൻവലിച്ച് 6–)0 വർഷം മുതൽ

**ബി) പ്രവർത്തന മൂലധന ഗ്രാന്റ്** –പരമാവധി 5 ലക്ഷം രൂപ

**അപേക്ഷയോടൊപ്പം**

- ❖ ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ളതും, ധനസഹായത്തിനുള്ള തുകയുടെയും ആയത് അനുഭവിക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊള്ളാമെന്നുമുള്ള ഭരണസമിതി തീരുമാനം.
- ❖ സർക്കാരിലേയ്ക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ് രജിസ്ട്രാരുടെ സർട്ടിഫിക്കറ്റ്.
- ❖ സംഘം അഴിമതി വിമുക്തമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാരുടെ സർട്ടിഫിക്കറ്റ്.
- ❖ പ്രോജക്റ്റ് റിപ്പോർട്ട്
- ❖ ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, താൽക്കാലിക ബാലൻസ് ഷീറ്റ്.

## 25. ഓട്ടോറിക്ഷാ ഡ്രൈവേഴ്സ്/ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ

ജി.ഒ (എം.എസ്) 86/74/എ.ഡി തീയതി 22.03.1974

ജി.ഒ (എം.എസ്) 76/81/എ.ഡി തീയതി 11.03.1981

ഓഹരി മൂലധനം – എ.ബി ക്ലാസ്സ് അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി (പരമാവധി 3 ലക്ഷം രൂപ)

നിബന്ധനകൾ

- ❖ അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുമായവർക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം.
- ❖ ഏറ്റവും കുറഞ്ഞത് 25 എ. ക്ലാസ്സ് അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 2500/– രൂപയും ഉണ്ടായിരിക്കണം.
- ❖ സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- ❖ ഓട്ടോറിക്ഷ വാങ്ങുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്.

**<u>അപേക്ഷയോടൊപ്പം</u>**

- ❖ ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും, നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തേണ്ടതുമായ നിബന്ധനകൾ അംഗീകരിച്ചുകൊള്ളാമെന്നും, രേഖകളിൽ ഒപ്പുവയ്ക്കുന്നതിന് ഭരണ സമിതി അംഗങ്ങളെ അധികാരപ്പെടുത്തി കൊണ്ടുള്ളതുമായ ഭരണ സമിതി തീരുമാനങ്ങൾ.
- ❖ അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരി മൂലധനം 1:3 അനുപാതത്തിൽ നിലനിർത്തിക്കൊള്ളാമെന്ന ഭരണസമിതി തീരുമാനം.
- ❖ പ്രോജക്റ്റ് റിപ്പോർട്ട്
- ❖ അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്
- ❖ സർക്കാർധനസഹായം ആഡിറ്റ് ഫീസ്, ഡിപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ.

**തിരിച്ചടവ്**

10 തുല്യ വാർഷിക തവണകൾ, ആദ്യ അടവ് തുക പിൻവലിച്ച് 6–)0 വർഷം മുതൽ.

## 26. <u>മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ</u>

ജി.ഒ (എം.എസ്) നമ്പർ 331/76/എ.ഡി തീയതി 30.09.1978
ജി.ഒ (എം.എസ്) നമ്പർ 306/81/എ.ഡി തീയതി 29.08.1981
ജി.ഒ (എം.എസ്) നമ്പർ 133/08/സഹ തീയതി 10.06.2008
ജി.ഒ (എം.എസ്) നമ്പർ 43/18/സഹ തീയതി 15.12.2018

ഓഹരി മൂലധനം 8 അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി (പരമാവധി 20 ലക്ഷം രൂപ വരെ)

**<u>നിബന്ധനകൾ</u>**

- ❖ ഓട്ടോമൊബൈൽ വ്യവസായം, ട്രാൻസ്പോർട്ട് സർവ്വീസിൽ പരിചയമുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം.
- ❖ കുറഞ്ഞത് 50 അംഗങ്ങളും അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത ഓഹരി മൂലധനമായി 30000/– രൂപയും ഉണ്ടായിരിക്കണം.
- ❖ സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- ❖ അഴിമതി രഹിതവും സർക്കാരിലേയ്ക്ക് കുടിശ്ശിക രഹിതവുമായിരിക്കണം.
- ❖ ട്രാൻസ്പോർട്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർജിൻ മണിയായി മാത്രമെ ധനസഹായം ഉപയോഗിക്കാവൂ.

**<u>അപേക്ഷയോടൊപ്പം</u>**

- ❖ ഭരണ സമിതി തീരുമാനങ്ങൾ, പ്രോജക്റ്റ് റിപ്പോർട്ട്, അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ, സർക്കാരിലേയ്ക്കുള്ള കുടിശ്ശിക സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിലെ വിവരങ്ങൾ അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി മൂലധനം 1:1 അനുപാതത്തിൽ നിലനിർത്തിക്കൊള്ളാമെന്ന ഭരണ സമിതി തീരുമാനം.

**<u>തിരിച്ചടവ്</u>**

10 തുല്യ വാർഷിക തവണകൾ ആദ്യം അടവ് തുക പിൻവലിച്ച് 6–)0 വർഷം മുതൽ.

## 27. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ
## ആട്ടോറിക്ഷാ സഹകരണ സംഘങ്ങൾ

**സ്പെയർ പാർട്ട്സ് ഷോപ്പ്/വർക്ക് ഷോപ്പ് തുടങ്ങുന്നതിനുള്ള അധിക ഓഹരി മൂലധനം**

ജി.ഒ (എം.എസ്) നമ്പർ 3124/79/എ.ഡി തീയതി 21.03.1979
ജി.ഒ (എം.എസ്) നമ്പർ 221/82/എ.ഡി തീയതി 15.07.1982
ജി.ഒ (എം.എസ്) നമ്പർ 31/99/സഹ തീയതി 18.02.1999

### യോഗ്യതകൾ

- 25 എ ക്ലാസ് അംഗങ്ങൾ ഉണ്ടായിരിക്കണം. (ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം)
- മിനിമം പിരിഞ്ഞുകിട്ടിയ ഓഹരി 7500/- രൂപ ഉണ്ടായിരിക്കണം
- സർക്കാർ പങ്കാളിത്തത്തിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
- തുക - എ ക്ലാസ് ബി ക്ലാസ് അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി തുകയുടെ 10 ഇരട്ടി, അധിക ഓഹരിയായി നൽകും. (പരമാവധി 100000/- രൂപ) വർക്ക് ഷോപ്പ് : 75000/- രൂപ സ്പെയർ പാർട്ട്സ് : 25000/- രൂപ

### നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷയോടൊപ്പം

- തീരുമാന പകർപ്പ്
- പ്രോജക്റ്റ് റിപ്പോർട്ട്/സ്കീം
- ഏറ്റവും അവസാനം ലഭിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ്
- താൽക്കാലിക കടധന പട്ടിക
- പ്രവർത്തന റിപ്പോർട്ട് തുടങ്ങിയവ

### തിരിച്ചടവ്

10 തുല്യ തവണകളായി - ആദ്യ തവണ, തുക പിൻവലിച്ച് 6-)0 വർഷം മുതൽ.

## 28. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ

ജി.ഒ (എം.എസ്) നമ്പർ 116/85/എ.ഡി തീയതി 24.03.1982
ജി.ഒ (എം.എസ്) നമ്പർ 49/16/എ.ഡി തീയതി 16.12.2016

**ഓഹരി മൂലധനം- 25 ലക്ഷം രൂപ വരെ**

### നിബന്ധനകൾ

- പിരിച്ചെടുത്ത ഓഹരി മൂലധനം കുറഞ്ഞത് 15000/- രൂപ
- സർക്കാരിന് പുറമേ ടീച്ചിംഗ് പ്രൊഫഷനായി സ്വീകരിച്ചിട്ടുള്ള ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റുകൾക്ക് മാത്രമേ അംഗത്വം നൽകാവൂ.
- സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- സംഘം അഴിമതി രഹിതവും/കുടിശ്ശിക രഹിതവുമായിരിക്കണം.

### അപേക്ഷയോടൊപ്പം

ആവശ്യമായ ഭരണസമിതി തീരുമാനങ്ങൾ സ്ഥലം, കെട്ടിടം, ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി, ഫർണ്ണിച്ചർ എന്നീ ഇനങ്ങളിൽ ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് പ്രോജക്റ്റ് റിപ്പോർട്ട് അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്, കുടിശ്ശിക സ്റ്റേറ്റ് മെന്റ് തുടങ്ങിയവ ഉള്ളടക്കം ചെയ്യണം.

### തിരിച്ചടവ്

10 തുല്യ വാർഷിക തവണകൾ, ആദ്യ അടവ് തുക പിൻവലിച്ച് 5-)0 വർഷം മുതൽ.

### മാനേജീരിയൽ സബ്സിഡി

| | | |
|---|---|---|
| ആദ്യവർഷം | - | 100 ശതമാനം ( പരമാവധി 3000/- രൂപ) |
| രണ്ടാം വർഷം | - | 75 ശതമാനം |
| മൂന്നാം വർഷം | - | 50 ശതമാനം |

### നിബന്ധനകൾ

- തുടർച്ചയായ വർഷങ്ങളിലേക്കാണ് മാനേജീരിയൽ സബ്സിഡി നൽകുന്നത്.
- നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം ജോയിന്റ് രജിസ്ട്രാർമാർ

അംഗീകരിച്ചതായിരിക്കണം.

**അപേക്ഷയോടൊപ്പം**

- ❖ ഭരണ സമിതി തീരുമാനങ്ങൾ, അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്, കുടിശ്ശിക സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിക്കണം.

**പലിശ സബ്സിഡി**

- ❖ സ്ഥലം, കെട്ടിടം, ലാബ് ഉപകരണങ്ങൾ, ലൈബ്രറി ഫർണ്ണിച്ചർ എന്നീ മൂലധന ചെലവുകൾക്കായി ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എടുത്തിട്ടുള്ള സംഘങ്ങൾക്കാണ് ടി ധനസഹായങ്ങൾ നൽകുന്നത്.
- ❖ ബാങ്ക് ഈടാക്കിയ പലിശ അല്ലെങ്കിൽ 3000/- രൂപ ഇതിലേതാണോ കുറവ് ടി തുകയായിരിക്കും ഓരോ വർഷവും അനുവദിക്കുന്ന ധനസഹായം.
- ❖ ബാങ്കുകളിൽ അടച്ച പലിശ റീ ഇംബേഴ്സ് ചെയ്യു മാത്രമേ തുക നൽകുകയുള്ളൂ.
- ❖ മുടക്കം വരുത്തിയ തവണകൾക്ക് സബ്സിഡി നൽകുന്നതല്ല
- ❖ പരമാവധി 3 വർഷം വരെ മാത്രമേ ഒരു സംഘത്തിന് പലിശ സബ്സിഡി ലഭിക്കാൻ അർഹതയുള്ളൂ.

**അപേക്ഷയോടൊപ്പം**

- ❖ ആവശ്യമായ ഭരണസമിതി തീരുമാനങ്ങൾ, മുൻപ് ലഭിച്ച സബ്സിഡി സംഘത്തിന്റെ കണക്കുബുക്കികളിൽ ക്രമപ്രകാരം അക്കൗണ്ട് ചെയ്തിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ്
- ❖ ലോൺ നമ്പർ, ഓരോ ത്രൈമാസത്തിന്റെയും തുടക്കത്തിൽ ബാക്കി നിൽപ്പുള്ള തുക, തവണകൾ അടയ്ക്കുന്നതിനുള്ള തീയതികൾ, തവണ അടച്ച തീയതി, തിരിച്ചടവ് തുക, സബ്സിഡി ക്ലെയിം ചെയ്തത് എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ്.
- ❖ അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ, കുടിശ്ശിക സ്റ്റേറ്റ്മെന്റ്.

## 29. ആശുപത്രി സഹകരണ സംഘങ്ങൾ

ജി.ഒ (എം.എസ്) നമ്പർ 423/80/എ.ഡി തീയതി 04.11.1980
ജി.ഒ (എം.എസ്) നമ്പർ 455/80/എ.ഡി തീയതി 27.11.1980
ജി.ഒ (എം.എസ്) നമ്പർ 195/81/എ.ഡി തീയതി 27.05.1981
ജി.ഒ (എം.എസ്) നമ്പർ 175/98/സഹ തീയതി 16.12.1998
ജി.ഒ (എം.എസ്) നമ്പർ 109/14/സഹ തീയതി 18.09.2014

**ഓഹരി മൂലധനം – പരമാവധി 20 ലക്ഷം രൂപ**

**നിബന്ധനകൾ**

ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം

**അപേക്ഷയോടൊപ്പം**

1. ഓഹരി മൂലധനത്തിന് അപേക്ഷിച്ചു കൊണ്ടുള്ളതും, ധനസഹായത്തിനുള്ള നിലവിലെ ചട്ടങ്ങളും കാലാകാലങ്ങളിൽ സർക്കാർ/രജിസ്ട്രാർ ഏർപ്പെടുത്തുന്ന നിബന്ധനകളും അംഗീകരിച്ചു കൊള്ളാമെന്നുള്ളതും, അപേക്ഷയിലും അനുബന്ധങ്ങളിലും ഒപ്പിടുന്നതിന് അധികാരപ്പെടുത്തികൊണ്ടുള്ളതും, അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി മൂലധന അനുപാതം 1:5 ആയി നിലനിർത്തികൊള്ളാമെന്നുള്ളതും ആയ ഭരണസമിതി തീരുമാനങ്ങൾ
2. പ്രോജക്റ്റ് റിപ്പോർട്ട്
3. സംഘം അഴിമതി രഹിതമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർമാരുടെ സർട്ടിഫിക്കറ്റ്
4. ഇതുവരെ സംഘത്തിന് ലഭിച്ചതും അടയ്ക്കുവാൻ ബാക്കിയുള്ള സർക്കാർ ഓഹരി മൂലധനം, വായ്പാ, ആഡിറ്റ് ഫീസ്, ഡിവിഡന്റ് എന്നിവ സംബന്ധിച്ച നിശ്ചിത പ്രൊഫോർമയിലെ സ്റ്റേറ്റ്മെന്റ്.

**തിരിച്ചടവ്**

10 വാർഷിക തുല്യ തവണകളായി ആദ്യ തവണ, തുക പിൻവലിച്ച് 6–)0 വർഷം മുതൽ.

**ഡിവിഡന്റ്**

സർക്കാർ അനുവദിക്കുന്ന ഓഹരി മൂലധനത്തിന് അറ്റ ലാഭത്തിന്റെ 5 ശതമാനത്തിൽ കുറയാത്ത തുക ഡിവിഡന്റായി നൽകേണ്ടതാണ്.

## 30. സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി

ജി.ഒ (ആർ.റ്റി) നമ്പർ 641/82/എ.ഡി തീയതി 08.03.1982
ജി.ഒ (എം.എസ്) നമ്പർ 96/2000/സഹ തീയതി 20.06.2000
ജി.ഒ (എം.എസ്) നമ്പർ 43/2012/സഹ തീയതി 31.03.2012

ധനസഹായം – ആംബുലൻസിന്റെ വിലയുടെ 50 ശതമാനം അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിലേതാണോ കുറവ് അത്

**നിബന്ധനകൾ**

1. ജില്ലാതലത്തിലുള്ള ആശുപത്രി സംഘങ്ങൾക്ക് 2 ആംബുലൻസ് വാനുകൾ വാങ്ങുന്നതിനും മറ്റ് ആശുപത്രികൾക്ക് ഒരു വാൻ വാങ്ങുന്നതിനും മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ.
2. ധനസഹായം ഉപയോഗിച്ചു വാങ്ങുന്ന ആംബുലൻസ് വാൻ അടുത്ത 5 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല.

**അപേക്ഷയോടൊപ്പം**

- ❖ ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ളതും, നിബന്ധനകൾ അംഗീകരിച്ചു കൊള്ളാമെന്നുള്ളതും അപേക്ഷയിലും, മറ്റ് അനുബന്ധങ്ങൾ, എഗ്രിമെന്റ് എന്നിവ ഒപ്പിടുന്നതിന് അധികാരപ്പെടുത്തികൊണ്ടുള്ളതും ആയ തീരുമാനങ്ങൾ, ധനസഹായം ഉപയോഗിച്ച് ആംബുലൻസ് വാങ്ങികൊള്ളാമെന്നുള്ള ഭരണ സമിതി അംഗങ്ങളുടെ ഉറപ്പ്
- ❖ അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ
- ❖ സർക്കാർ ധനസഹായം, ആഡിറ്റ് ഫീസ്, ഡിവിഡന്റ് എന്നിവയുടെ കുടിശ്ശിക സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിലെ വിവരങ്ങൾ
- ❖ പ്രോജക്റ്റ് റിപ്പോർട്ടും, ഇൻവോയിസിന്റെ പകർപ്പും.

## 31. ആശുപത്രി സംഘങ്ങൾക്ക് രോഗനിർണ്ണയത്തിനുള്ള അത്യാധുനിക/ അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം

ജി.ഒ (എം.എസ്) നമ്പർ 808/2010/സഹ തീയതി 29.12.2010
ജി.ഒ (എം.എസ്) നമ്പർ 44/2016/സഹ തീയതി 20.01.2010
ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018

75 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 80 ശതമാനം ഏതാണോ കുറവ്.

| | | |
|---|---|---|
| സബ്സിഡി | – | പ്രോജക്റ്റ് കോസ്റ്റിന്റെ 15% |
| ഓഹരി | – | പ്രോജക്റ്റ് കോസ്റ്റിന്റെ 15% |
| വായ്പ | – | പ്രോജക്റ്റ് കോസ്റ്റിന്റെ 40% |
| സ്വന്തം ഫണ്ട് | – | പ്രോജക്റ്റ് കോസ്റ്റിന്റെ 30% |

**നിബന്ധനകൾ**

- ❖ സംഘത്തിൽ ഫുൾടൈം പെയ്ഡ് സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം.
- ❖ ബൈലാ വ്യവസ്ഥയുണ്ടായിരിക്കണം.
- ❖ ലഭിക്കുന്ന സർക്കാർ ഓഹരിയ്ക്ക് അറ്റലാഭത്തിന്റെ 5% ത്തിൽ കുറയാത്ത ഡിവിഡന്റ് നൽകണം.
- ❖ 10 ലക്ഷം രൂപ വരെയുള്ള ധനസഹായത്തിന് പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ/യന്ത്രങ്ങൾ എന്നിവ ഹൈപ്പോത്തിക്കേറ്റ് ചെയ്തിരിക്കണം.
- ❖ 10 ലക്ഷം രൂപയ്ക്ക് മുകലിലുള്ള ധനസഹായത്തിന് പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ/യന്ത്രങ്ങൾ എന്നിവ പണയപ്പെടുത്തുന്നതോടൊപ്പം വസ്തുവകകൾ പണയപ്പെടുത്തുക യും വേണം.

**അപേക്ഷയോടൊപ്പം**

1. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും, ധനസഹായത്തിന് നിലവിലുള്ളതും കാലാകലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ നിബന്ധനകൾ അംഗീകരിച്ചുകൊള്ളാമെന്നും, അപേക്ഷയും അനുബന്ധരേഖകളും, ഒപ്പ് വയ്ക്കുന്നതിന് ഭരണസമിതി

അംഗങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ളതുമായ ഭരണസമിതി തീരുമാനങ്ങൾ.

2. പ്രോജക്റ്റ് റിപ്പോർട്ട്
3. അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്
4. സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ
5. ആവശ്യമായ ഉപകരണങ്ങളുടെ പ്രൊഫോർമ ഇൻവോയിസുകൾ
6. ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്.

**തിരിച്ചടവ്**

| | | |
|---|---|---|
| വായ്പ | – | 12 തുല്യ വാർഷിക തവണകൾ |
| ആദ്യ തവണ | – | തുക പിൻവലിച്ച കഴിഞ്ഞ ആദ്യവർഷം മുതൽ |
| ഓഹരി | – | 10 തുല്യ വാർഷിക തവണകൾ |
| ആദ്യത്തെ തവണ | – | തുക പിൻവലിച്ച് 3–)0 വർഷം മുതൽ |

## 32. ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് ധനസഹായം

ജി.ഒ (എം.എസ്) നമ്പർ 15/2013/സഹ തീയതി 29.01.2013

ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018

പരമാവധി ധനസഹായം – പ്രോജക്റ്റ് കോസ്റ്റിന്റെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ ഏതാണോ കുറവ്.

| | | |
|---|---|---|
| സബ്സിഡി | – | പ്രോജക്റ്റ് കോസ്റ്റിന്റെ 20% |
| ഓഹരി | – | പ്രോജക്റ്റ് കോസ്റ്റിന്റെ 20% |
| വായ്പ | – | പ്രോജക്റ്റ് കോസ്റ്റിന്റെ 40% |
| ബാക്കി 20% | – | സംഘം വഹിക്കണം |

**അപേക്ഷ സമർപ്പിക്കേണ്ടവിധം**

1. മെഡിക്കൽ ലാബോറട്ടറി/ബ്ലഡ് ബാങ്ക്, സർക്കാർ പങ്കാളിത്തത്തോടുകൂടി സ്ഥാപിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടാകണം.
2. അപേക്ഷയുടെ 2 പകർപ്പ് (ഫോറം- എ യിൽ)
3. ബ്ലഡ് ബാങ്ക്/ലബോറട്ടറി സ്ഥാപിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സർട്ടിഫിക്കറ്റ്/ അനുവാദം
4. ധനസഹായത്തിന് അപേക്ഷിച്ച കൊണ്ടുള്ള ഭരണസമിതി തീരുമാനം.
5. സർക്കാർ/രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/നിർദ്ദേശങ്ങൾ പാലിച്ച് കൊള്ളാമെന്ന് സമ്മതിച്ച കൊണ്ടുള്ള ഭരണ സമിതി തീരുമാനം.
6. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് – (വരവ്/ചെലവ്/ലോൺ എന്നിവ പരാമർശിച്ച കൊണ്ടുള്ള വിവരങ്ങൾ സഹിതം)
7. അഴിമതിരഹിത – കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്
8. ഏറ്റവും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്
9. മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം.
10. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.

**അനുവദിക്കുന്ന അധികാരി**

രജിസ്ട്രാറുടെ ശുപാർശയോടുകൂടി സർക്കാരിലേയ്ക്ക് അയയ്ക്കുന്നതും സർക്കാർ അനുവദിക്കുന്നതുമാണ്.

**മറ്റ് നിബന്ധനകൾ**

1. വായ്പാ തുകയ്ക്ക് ആസ്തി പണയപ്പെടുത്തണം (ഫോറം – സി)
2. ഓഹരി തുകയ്ക്ക് ഓഹരി സർട്ടിഫിക്കറ്റ്/എഗ്രിമെന്റ് (ഫോറം – ഡി)
3. സബ്സിഡി തുകയ്ക്ക് (ഫോറം ബി-യിൽ എഗ്രിമെന്റ്)
4. ആശുപത്രി ഉപകരണങ്ങളുടെ പർച്ചേസ് തീയതി മുതൽ 30 ദിവസത്തിനകം ധനസഹായമായി നൽകിയ തുകയിൽ കുറയാത്ത തുകയ്ക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്/പബ്ലിക്ക് സെക്റ്റർ കമ്പനിയിൽ നിന്ന് ഇൻഷ്വർ ചെയ്യേണ്ടതാണ്.

**പിൻവലിക്കുന്നതിനുള്ള അനുവാദം** – സഹകരണ സംഘം രജിസ്ട്രാർ നൽകും.

**തിരിച്ചടയ്ക്കേണ്ടത്**

വായ്പാ – 12 വാർഷിക തവണ – ആദ്യതവണ തുക പിൻവലിച്ച് 1–)0 വർഷം മുതൽ.

പലിശ – കലണ്ടർ വർഷാവസാനം ബാക്കി നിൽക്കുന്ന തുകയ്ക്ക്, കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന പലിശ നിരക്ക്

ഓഹരി – 10 വാർഷിക തവണകളായി ആദ്യതവണ തുക പിൻവലിച്ച് 3–)0 വർഷം മുതൽ.

## 33. പലവക സംഘങ്ങൾ

ജി.ഒ (എം.എസ്) നമ്പർ 808/2010/സഹ തീയതി 29.12.2010
ജി.ഒ (എം.എസ്) നമ്പർ 44/2016/സഹ തീയതി 20.01.2010
ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018

### ഓഹരി മൂലധനം

അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി വരെ (പരമാവധി 200000/- രൂപ)

### നിബന്ധനകൾ

1. കുറഞ്ഞത് 250 അംഗങ്ങൾ ഉണ്ടായിരിക്കണം
2. ആകെ അംഗങ്ങളുടെ 90% ൽ കുറയാതെയുള്ള അംഗങ്ങൾ സംഘം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങളിൽ നിന്നും നേരിട്ട് ഗുണം ലഭിക്കുന്നവരും, പ്രത്യേക വ്യവസായം/തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും ആകണം.
3. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം.
4. ആകെയുള്ള അംഗങ്ങളുടേയോ ഭരണ സമിതി അംഗങ്ങളുടേയോ 2/3 ൽ കുറയാതെയുള്ളവർ സംഘം ഏറ്റെടുത്തിട്ടുള്ള വ്യവസായത്തിൽ ഏർപ്പെട്ടവരോ യഥാർത്ഥ തൊഴിലാളികളോ ആയിരിക്കണം.
5. അംഗങ്ങളുടെയും സർക്കിരന്റേയും ഓഹരികൾ തമ്മിലുള്ള അനുപാതം 1 :3 ആയി നിലനിർത്തണം.

### തിരിച്ചടവ്

10 തുല്യ വാർഷിക തവണകളായി ആദ്യ തവണ തുക പിൻവലിച്ച് 6-)0 വർഷം മുതൽ.

### അപേക്ഷയോടൊപ്പം

1. ഓഹരി മൂലധന സഹായത്തിന് അപേക്ഷിച്ച കൊണ്ടുള്ളതും, ആയത് അനുവദിക്കുന്നതിന് നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതാണെന്നുള്ളതും അംഗങ്ങൾ/സർക്കാർ തമ്മിലുള്ള ഓഹരി മൂലധന അനുപാതം 1 :3 ൽ നിലനിർത്തികൊള്ളാമെന്നും ആയ ഭരണസമിതി തീരുമാനങ്ങൾ.
2. അഴിമതി രഹിത/ കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ
3. സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ
4. പ്രോജക്റ്റ് റിപ്പോർട്ട്

## 34. പലവക സംഘങ്ങൾ

ജി.ഒ (എം.എസ്) നമ്പർ 6/2020/സഹ തീയതി 09.02.2020

### വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ്

(പരമാവധി 500000/- രൂപ)

### നിബന്ധനകൾ

1. സഹകരണ സംഘം രജിസ്ട്രടാർ തെരഞ്ഞെടുത്ത സംഘത്തിനാണ് ധനസഹായം അനുവദിക്കുന്നത്.
2. ഭരണസമിതി തീരുമാനം ധനസഹായമായി അനുവദിക്കേണ്ട തുകയുടെ വിവരം ഏത് പദ്ധതിയ്ക്കാണ് ധന സഹായത്തിന് അപേക്ഷിച്ചിരിക്കുന്നത് എന്ന വിവരം
3. വ്യക്തവും വിശദവുമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിരിക്കണം

## 35. വിനോദ സഞ്ചാര പ്രോത്സാഹനത്തിനുള്ള ധനസഹായം

ജി.ഒ (ആർ.റ്റി) നമ്പർ 560/2011/സഹ തീയതി 24.10.2011

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾ മുഖേന വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ആയുർവേദം, കൈത്തറി, കയർ, മറ്റു ചെറുകിട വ്യവസായ അനുബന്ധ മേഖലകളെ സഹകരണ വിനോദ സഞ്ചാര മേഖലയിലൂടെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്.

- തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
- ഫുൾ ടൈം സെക്രട്ടറി ഉണ്ടായിരിക്കണം.
- വാർഷിക പൊതുയോഗം ക്രമമായി കൂടിയിരിക്കണം.
- ഗവൺമെന്റിലേയ്ക്ക് കുടിശ്ശിക ഉണ്ടാകരുത്
- സംഘം അഴിമതി വിമുക്തമായിരിക്കണം.
- ആഡിറ്റ് ക്ലാസിഫിക്കേഷൻ സി-യിൽ കുറയരുത്

- ബൈലായിൽ സർക്കാർ ധനസഹായം വാങ്ങുന്നതിന് വ്യവസ്ഥയുണ്ടായിരിക്കണം.
- തുക പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപ അഥവാ പ്രോജക്റ്റ് കോസ്റ്റിന്റെ 50%
- സബ്സിഡിയും ഓഹരിയും ആയി 2 : 1 എന്ന അനുപാതത്തിലാണ് ധനസഹായം നൽകുന്നത്

**<u>അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടവ</u>**

1. ഭരണസമിതി തീരുമാനം – ഗവൺമെന്റ്/രജിസ്ട്രാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന ഭരണ സമിതിയുടെ തീരുമാനം.
2. സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണമെന്ന സർട്ടിഫിക്കറ്റ്
3. പ്രോജക്റ്റ് റിപ്പോർട്ട്/സ്കീം
4. ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്
5. താൽക്കാലിക കടധന പട്ടിക
6. തിരിച്ചടക്കേണ്ടത് – 10 വാർഷിക തുല്യ തവണകൾ – ആദ്യത്തെ തവണ മൂന്നാമത്തെ വർഷം മുതൽ

## 36. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ

ജി.ഒ (ആർ.റ്റി) നമ്പർ 48/2014/സഹ തീയതി 22.04.2014

**<u>ഓഹരി മൂലധനം</u>**

(പരമാവധി 500000/– രൂപ)

**<u>നിബന്ധനകൾ</u>**

1. കുറഞ്ഞത് 200 അംഗങ്ങൾ ഉണ്ടായിരിക്കണം
2. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം
3. ഫുൾ ടൈം സെക്രട്ടറി ഉണ്ടായിരിക്കണം
4. 3 ലക്ഷം രൂപയിൽ കുറയാത്ത ഓഹരി മൂലധനം ഉണ്ടായിരിക്കണം.
5. ആഡിറ്റ് ക്ലാസിഫിക്കേഷൻ എ/ബി ആയിരിക്കണം
6. 3 വർഷം കൊണ്ട് 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സംഘം ഏറ്റെടുത്തിരിക്കുകയോ കുറഞ്ഞത് 200 അംഗങ്ങൾക്ക് ജോലി നൽകുകയോ ചെയ്തിരിക്കണം.
7. ധനസഹായമായി 5 ലക്ഷം രൂപയോ അംഗങ്ങളിൽ നിന്നും പിരിഞ്ഞടഞ്ഞ ഓഹരി മൂലധനത്തിന്റെ മൂന്നിരട്ടിയിലധികമോ ആകാൻ പാടില്ല. സംഘത്തിന് മുൻകാലങ്ങളിൽ അനുവദിച്ച സർക്കാർ ഓഹരി മൂലധനത്തിന്റെ ബാക്കി നില്പ് കൂടി കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നത്.
8. ഫാറം എ–യിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം.
9. അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരികൾ തമ്മിലുള്ള അനുപാതം 1 : 3 ആയി നിലനിർത്തിക്കൊള്ളാമെന്നുള്ള ഭരണസമിതി തീരുമാനം ഉണ്ടായിരിക്കണം.

## 37. പട്ടികജാതി/പട്ടികവർഗ്ഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും ഗ്രാന്റ്, ഓഹരി മൂലധനം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ (ഗ്രാന്റ്.ഓഹരി, മൂലധനം)

ജി.ഒ (ആർ.റ്റി) നമ്പർ 564/2011/സഹ തീയതി 24.10.2011
ജി.ഒ (ആർ.റ്റി) നമ്പർ 532/2014/സഹ തീയതി 26.09.2014
ജി.ഒ (ആർ.റ്റി) നമ്പർ 43/2018/സഹ തീയതി 15.12.20

ധനസഹായം പരമാവധി രൂപ 2000000/– രൂപ നൽകുന്നു

**സബ്സിഡി : ഓഹരി 3 : 1**

- മുഴുവൻ സമയ സെക്രട്ടറി മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ എല്ലാത്തരം പട്ടികജാതി സഹകരണ സംഘങ്ങൾക്കും ധനസഹായം അനുവദിക്കാവുന്നതാണ്.

- കുറഞ്ഞപക്ഷം 10 എസ്.സി/എസ്.റ്റി അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്റ്റായിരിക്കണം.
- സർക്കാർ കുടിശ്ശിക പാടില്ല.
- സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
- സംഘം കുറഞ്ഞത് 3 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.
- ആഡിറ്റ് 2 വർഷം മുമ്പുവരെ പൂർത്തിയായിരിക്കണം.
- പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിച്ചിരിക്കണം.
- സംഘം സമർപ്പിക്കുന്ന അംഗീകൃത പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂ.

**വ്യവസ്ഥകൾ**

- സംഘത്തിന് ഓഹരി മൂലധനത്തിനുള്ള അർഹത സംഘത്തിലെ അംഗങ്ങൾ ഓഹരി മൂലധനമായി നൽകിയിട്ടുള്ള തുകയുടെ 20 ഇരട്ടി ആകാവുന്നതാണ്.
- സംഘത്തിന്റെ ഓഹരി മൂലധനത്തിൽ സർക്കാർ പങ്കാളിത്തം സ്വീകരിക്കുന്നതിനുള്ള വകുപ്പുകൾ സംഘം ബൈലായിൽ ഉണ്ടായിരിക്കണം.
- സംഘം അഴിമതിരഹിതം ആയിരിക്കുന്നതോടൊപ്പം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നേരിടുന്നതും ആയിരിക്കരുത്.

**സഹായത്തിന് അപേക്ഷിക്കേണ്ടവിധം**

1. അപേക്ഷകൾ ഫോറം എ യിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം താഴെ ചേർത്തിരിക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.
2. ഭരണസമിതി തീരുമാനത്തിൽ ധനസഹായത്തിന്റെ ഉദ്ദേശ്യം, തുക എന്നിവ കാണിക്കേണ്ടതും ഗവൺമെന്റ് കാലാകാലങ്ങളിൽ എടുക്കുന്ന നിശ്ചയങ്ങളും വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചുകൊള്ളാമെന്ന തീരുമാനം.
3. സംഘം പ്രവർത്തനം സംബന്ധിച്ച ഒരു ചുരുക്ക വിവരണവും സംഘം അഴിമതിരഹിതമാണെന്നും സർക്കാരിലേയ്ക്ക് കുടിശ്ശികയൊന്നും അടയ്ക്കാനില്ലെന്നുള്ള സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ ഒപ്പിട്ട് സമർപ്പിച്ചിരിക്കണം.
4. പ്രോജക്റ്റ് റിപ്പോർട്ടും സംഘത്തിന്റെ അവസാന 3 വർഷത്തെ ആഡിറ്റ് ചെയ്ത ലാഭനഷ്ട കണക്ക്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പും.
5.

## 38. പ്രാഥമിക പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി

ജി.ഒ (എം.സ്) നമ്പർ 32/2014/സഹ തീയതി 11.02.2014
ജി.ഒ (എം.എസ്) നമ്പർ 43/2018/സഹ തീയതി 15.12.2018

- 3 വർഷം തൃപ്തികരമായ രീതിയിൽ പ്രവർത്തന പാരമ്പര്യമുള്ള സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.
- ധനസഹായം അനുവദിക്കുന്നതിന് തൊട്ടുമുമ്പുള്ള വർഷം മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ തെരഞ്ഞെടുത്ത സംഘം ആയിരിക്കണം.
- പ്രതിമാസം 10000 രൂപ നിരക്കിൽ ആദ്യത്തെ 5 വർഷവും ടി കാലയളവിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15000 രൂപ നിരക്കിൽ മൂന്ന് വർഷവും.

**സഹായത്തിന് അപേക്ഷിക്കേണ്ട വിധം**

- ഭരണ സമിതി തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ടി തീരുമാനത്തിൽ അപേക്ഷിക്കുന്ന തുകയും ആവശ്യവും വ്യക്തമായി പ്രതിപാദിച്ചിരിക്കണം)
- ധനസഹായത്തിന് അപേക്ഷിക്കുന്ന സംഘത്തിന് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ധനസഹായം അതാത്

ആവശ്യത്തിന് തന്നെ വിനിയോഗിച്ചിട്ടുണ്ട് എന്നുള്ള സാക്ഷ്യപത്രം.

- ❖ മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നതിനുള്ള അധികാരം സഹരണ സംഘം രജിസ്ട്രാർക്ക് മാത്രമായിരിക്കും.
- ❖ മേൽപ്രകാരമുള്ള ധനസഹായം ലഭിക്കുന്ന സഹകരണ സംഘം ഒരു നിശ്ചിത ഫോമിൽ ഒരു എഗ്രിമെന്റ്/ബോണ്ട് എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.
- ❖ മുൻകാലങ്ങളിൽ ഒരു സഹകരണ സംഘത്തിന് അനുവദിച്ചിട്ടുള്ള ധനസഹായം തിരിച്ച് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ടി സംഘത്തിന് മാനേജീരിയൽ സബ്സിഡിയ്ക്ക് അർഹതയില്ല.

## 39. പട്ടികജാതി സഹകരണ സംഘങ്ങൾക്കുള്ള വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ്

ജി.ഒ (എം.സ്) നമ്പർ 23/16/സഹ. തീയതി 04.03.2016

ജി.ഒ (എം.സ്) നമ്പർ 43/18/സഹ. തീയതി 15.12.2018

- ❖ പരമാവധി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു
- ❖ വകുപ്പ് അംഗീകരിച്ച യോഗ്യതയുള്ള മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- ❖ ലാഭമോ, നഷ്ടമോ പരിഗണിക്കാതെ എല്ലാത്തരം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഈ ധനസഹായം ലഭിക്കുന്നു.
- ❖ സംഘം സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് ആവശ്യമായ ഭരണപരമായ ചെലവുകൾക്കാണ് ടി തുക വിനിയോഗിക്കേണ്ടത്
- ❖ ബൈലായിൽ സർക്കാർ ധനസഹായത്തിന് വ്യവസ്ഥ ഉണ്ടായിരിക്കണം.
- ❖ അഞ്ച് വർഷം തൃപ്തികരമായ രീതിയിൽ പ്രവർത്തന പാരമ്പര്യമുള്ള സംഘങ്ങളായിരിക്കണം.
- ❖ മുൻ വർഷം വരെയുള്ള ആഡിറ്റ് പൂർത്തികരിച്ചിരിക്കണം.
- ❖ സംഘം അഴിമതി വിമുക്തമായിരിക്കണം.

### സഹായത്തിന് അപേക്ഷിക്കേണ്ട വിധം

- ❖ ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം.
- ❖ മുൻകാലങ്ങളുൽ അനുവദിച്ച ധനസഹായത്തിന് യൂണിറ്റ് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം.
- ❖ അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ കുടിശ്ശിക രഹിത അഴിമതി രഹിത സർട്ടിഫിക്കറ്റ്.
- ❖ സംഘത്തിന് നാളിതുവരെ ലഭിച്ച ധനസഹായത്തിനെ സംബന്ധിച്ച വിവരങ്ങൾ
- ❖ മേൽപ്രകാരമുള്ള ധനസഹായം ലഭിക്കുന്ന സഹകരണ സംഘം ഒരു നിശ്ചിത ഫോമിൽ ഒരു എഗ്രിമെന്റ്/ബോണ്ട് എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.

## 40. കെ.ജി.റ്റി.ഇ./ മറ്റ് സർക്കാർ ഏജൻസികൾ അംഗീകരിച്ച കമ്പ്യൂട്ടർ ട്രെയിനിംഗ് കോഴ്സ് ആരംഭിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം

ജി.ഒ(എം.എസ്)16/15/സഹ. തീയതി 24.01.2015

നിർദ്ദേശങ്ങൾ

- ❖ പ്രോജക്ട് കോസ്റ്റിന്റെ 90% അല്ലെങ്കിൽ പരമാവധി 5 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.
- ❖ ടി ധനസഹായം 7:3 എന്ന അനുപാദത്തിൽ സബ്സിഡി, ഓഹരി, എന്നീ രീതിയിൽ അനുവദിക്കുന്നു.
- ❖ ബൈലായിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കണം.
- ❖ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥനായ മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- ❖ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ തെരഞ്ഞെടുക്കുന്ന സംഘം ആയിരിക്കണം
- ❖ ടി ധനസഹായം ഉപയോഗിച്ച് സംഘം നടത്തുന്ന കോഴ്സുകൾ സൗജന്യമായിരിക്കണം 60% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളും ബാക്കി മറ്റ് വിഭാഗങ്ങളിൽ നിന്നുള്ളവരുമായിരിക്കണം.

- സംഘം നിശ്ചയിച്ചിട്ടുള്ള പ്രകാരം മറ്റ് വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ഫീസ് വാങ്ങേണ്ടതാണ്.
- പ്രോജക്ട് റിപ്പോർട്ടിൽ അദ്ധ്യാപകർക്കുള്ള ശമ്പളം കമ്പ്യൂട്ടർ, ഫർണിച്ചർ തുടങ്ങിയവയ്ക്കുള്ള തുകയും ഉൾപ്പെടുത്തിയിരിക്കണം.
- സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിരിക്കണം.

**സഹായത്തിന് അപേക്ഷിക്കേണ്ട വിധം**

- ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം.
- ധനസഹായ വ്യവസ്ഥകൾ പാലിച്ചു കൊള്ളാമെന്നും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് കൊള്ളാമെന്ന ധാരണാ പത്രം.
- അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ കുടിശ്ശികരഹിത അഴിമതിരഹിത സർട്ടിഫിക്കറ്റ്.
- വിശദമായ പ്രോജക്ട് റിപ്പോർട്ട് മുൻവർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്.
- സ്വന്തം സ്ഥലം, കെട്ടിടം, ട്രെയിനിംഗ് കോഴ്സ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം എന്നിവ ഉണ്ടായിരിക്കണം.

**തിരിച്ചടവ്**

10 തുല്യ വാർഷിക ഗഡുക്കളായി ആദ്യ തവണ പിൻവലിച്ച് നാലാമത്തെ വർഷം മുതൽ

## 41. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസിനുള്ള ധനസഹായം

ജി.ഒ(എം.എസ്)36/14/സഹ. തീയതി 18.02.2014

- പരാമാവധി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.
- സംഘം കുറഞ്ഞത് 3 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.
- അസിസ്റ്റന്റ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ സംഘങ്ങളുടെ അറ്റകുറ്റ പണികൾക്കായി ധനസഹായം അനുവദിക്കുന്നു.
- 31.03.2015 ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടമായിരിക്കണം.
- ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം.
- ഗവൺമെന്റ് കാലാകാലങ്ങളിൽ എടുക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചു കൊള്ളാമെന്ന് തീരുമാനം.
- ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ അഴിമതിരഹിത സർട്ടിഫിക്കറ്റുകൾ.
- മുൻ വർഷം വരെയുള്ള ആഡിറ്റ് പൂർത്തികരിച്ചിരിക്കണം.

## 42. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം

ജി.ഒ.(എം.എസ്)23/1996/സഹ. തീയതി 27.02.1996
ജി.ഒ.(എം.എസ്)22/15/സഹ തീയതി 10.02.2015

**പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനത്തിത്തിന്റെ 50 ഇരട്ടി അല്ലെങ്കിൽ 2 ലക്ഷം രൂപ ഏതാണോ കുറവ്**

- സഹകരണ സംഘം രജിസ്ട്രാർ തെരഞ്ഞെടുക്കുന്ന സംഘങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്.
- സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങൾ ഉണ്ടായിരിക്കണം.
- ബൈലായിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കണം.
- സംഘങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 10000 രൂപ ഓഹരി മൂലധനം ഉണ്ടായിരിക്കണം.
- സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥനായ മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- സർക്കാർ ധനസഹായത്തിനു വേണ്ടിയുള്ള അപേക്ഷ റൂളിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഫോറം എ യിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

- ടി അപേക്ഷയോടൊപ്പം ഭരണസമിതി തീരുമാനവും അംഗങ്ങളിൽ നിന്നും ശേഖരിക്കുന്ന ഓഹരിയും സർക്കാർ ഓഹരിയും തമ്മിൽ അനുപാദം 1:7.5 എന്ന അനുപാദത്തിൽ സൂക്ഷിക്കാം എന്നുള്ള വ്യവസ്ഥ ഉൾപ്പെടെ അപേക്ഷ സമർപ്പിക്കേണ്ടത്.

<u>തിരിച്ചടവ്</u>
10 തുല്യ വാർഷിക ഗഡുക്കളായി ആദ്യ തവണ പിൻവലിച്ച് ആറാമത്തെ വർഷം മുതൽ

## 43. <u>സ്പെഷ്യൽ റിവൈവൽ സ്കീം</u>

ജി.ഒ(ആർ.റ്റി) നമ്പർ 1/2019/സഹ.

തീയതി: 13.01.19
ധനസഹായം : പരമാവധി രൂപ 4000000/- രൂപ നൽകുന്നു.
സബ്സിഡി : ഓഹരി : 3:1

<u>നിബന്ധനകൾ</u>

- വകുപ്പ് അംഗീകരിച്ച മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- ലാഭമോ നഷ്ടമോ പരിഗണിക്കാതെ എല്ലാത്തരം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഈ ധനസഹായം ലഭിക്കുന്നു.
- കുറഞ്ഞ പക്ഷം 40 എസ്.സി/എസ്.റ്റി അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്ടായിരിക്കണം.
- സർക്കാർ കുടിശ്ശിക പാടില്ല.
- സർക്കാർ ഓഹരി മൂലധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
- സംഘം കുറഞ്ഞത് 5 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.
- ആഡിറ്റ് മൂന്നുവർഷം മുമ്പു വരെ പൂർത്തിയായിരിക്കണം.
- പ്രോജക്ട് റിപ്പോർട്ട് - അംഗീകരിച്ചിരിക്കണം.
- സംഘം സമർപ്പിക്കുന്ന അംഗീകൃത പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂ.
- സംഘം അഴിമതിരഹിതം ആയിരിക്കുന്നതോടൊപ്പം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നേരിടുന്നതും ആയിരിക്കരുത്.
- സ്വന്തമായ സ്ഥലം, കെട്ടിടം എന്നിവ ഉണ്ടായിരിക്കണം.
- സംഘത്തിന് ഏറ്റവും കുറഞ്ഞത് 50000 രൂപ ഓഹരി മൂലധനം ഉണ്ടായിരിക്കണം.
- മുൻവർഷത്തെ വായ്പ കുടിശ്ശിക ബാക്കി നിൽപ്പ് 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല.

ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി), ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു ഉപസമിതിയാണ് ഗുണഭോക്താക്കളായ സഹകരണ സംഘങ്ങളെ കണ്ടെത്തിയ അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് ചെയർമാനും, അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി), കൺവീനറും ആയിരിക്കും.

<u>സഹായത്തിന് അപേക്ഷിക്കേണ്ട വിധം</u>

- അപേക്ഷകൾ ഫോം എ- യിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം താഴെ ചേർത്തിരിക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.
- ഭരണസമിതി തീരുമാനത്തിൽ ധനസഹായത്തിന്റെ ഉദ്ദേശ്യം. തുക എന്നിവ കാണിക്കേണ്ടതും ഗവൺമെന്റ് കാലാകാലങ്ങളിൽ എടുക്കുന്ന നിശ്ചയങ്ങളും വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചു കൊള്ളാമെന്ന തീരുമാനം.
- സംഘം പ്രവർത്തനം സംബന്ധിച്ച ഒരു ചുരുക്ക വിവരണവും സംഘം അഴിമതിരഹിതമാണെന്നും സർക്കാരിലേയ്ക്ക് കുടിശ്ശികയൊന്നും അടയ്ക്കാനില്ലെന്നുള്ള സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ ഒപ്പിട്ട് സമർപ്പിച്ചിരിക്കണം.
- പ്രോജക്റ്റ് റിപ്പോർട്ടും സംഘത്തിന്റെ അവസാന മൂന്ന് വർഷത്തെ ആഡിറ്റ് ചെയ്ത ലാഭനഷ്ട കണക്ക്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പും.

## 44. ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ജി.ഒ(ആർ.റ്റി) നമ്പർ 1/2019/സഹ. തീയതി : 13.01.2019

ധനസഹായം : പരാമാവധി രൂപ 5000000/- രൂപ നൽകുന്നു.
സബ്സിഡി : ഓഹരി: 3:2

**നിബന്ധനകൾ**

- മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
- തൊട്ട് മുമ്പുള്ള 2 വർഷം ലാഭത്തിൽ പ്രവർത്തിച്ച പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഈ ധനസഹായം ലഭിക്കുന്നു.
- കുറഞ്ഞ പക്ഷം 50 എസ്.സി/എസ്.റ്റി അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്ടായിരിക്കണം.
- സർക്കാർ കുടിശ്ശിക പാടില്ല.
- സർക്കാർ ഓഹരിമൂലധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
- സംഘം കുറഞ്ഞത് 5 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.
- ആഡിറ്റ് മൂന്ന് വർഷം മുമ്പ് വരെ പൂർത്തിയായിരിക്കണം.
- പ്രോജക്റ്റ് റിപ്പോർട്ട് -അംഗീകരിച്ചിരിക്കണം.
- സംഘം സമർപ്പിക്കുന്ന അംഗീകൃത പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂ.
- സംഘം അഴിമതിരഹിതമായിരിക്കുന്നതോടൊപ്പം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നേരിടുന്നതും ആയിരിക്കരുത്.
- സ്വന്തമായ സ്ഥലം, കെട്ടിടം എന്നിവ ഉണ്ടായിരിക്കണം.
- സംഘത്തിന് ഏറ്റവും കുറഞ്ഞത് 50000 രൂപ ഓഹരി മൂലധനം ഉണ്ടായിരിക്കണം.
- മുൻ വർഷത്തെ വായ്പ കുടിശ്ശിക ബാക്കി നിൽപ്പ് 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല.

ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി), ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു ഉപസമിതിയാണ് ഗുണഭോക്താക്കളായ സഹകരണ സംഘങ്ങളെ കണ്ടെത്തി അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് ശുപാർശ ചെയ്യുന്നത്. ഉപസമിതിയിൽ ജില്ലയിസെ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ചെയർമാനും അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) കൺവീനറും ആയിരിക്കും.

**സഹായത്തിന് അപേക്ഷിക്കേണ്ട വിധം**

1. അപേക്ഷകൾ ഫോം എ-യിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം താഴെ ചേർത്തിരിക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.
2. ഭരണസമിതി തീരുമാനത്തിൽ ധനസഹായത്തിന്റെ ഉദ്ദേശ്യം, തുക എന്നിവ കാണിക്കേണ്ടതും ഗവൺമെന്റ് കാലാകാലങ്ങളിൽ എടുക്കുന്ന നിശ്ചയങ്ങളും വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചു കൊള്ളാമെന്ന തീരുമാനം.
3. സംഘം പ്രവർത്തനം സംബന്ധിച്ച ഒരു ചുരുക്ക വിവരണവും സംഘം അഴിമതിരഹിതമാണെന്നും സർക്കാരിലേയ്ക്ക് കുടിശ്ശികയൊന്നും അടയ്ക്കാനില്ലെന്നുള്ള സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ ഒപ്പിട്ട് സമർപ്പിച്ചിരിക്കണം.
4. പ്രോജക്റ്റ് റിപ്പോർട്ടും സംഘത്തിന്റെ അവസാന മൂന്ന് വർഷത്തെ ആഡിറ്റ് ചെയ്ത ലാഭനഷ്ട കണക്ക്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പും..

## 45. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ജി.ഒ(ആർ.റ്റി) നമ്പർ 20/2018/സഹ തീയതി : 26.05.2018

സർക്കാർ നിശ്ചയിക്കുന്ന അനുപാദത്തിലാണ് സബ്സിഡി, ഓഹരി എന്നീ ഇനത്തിൽ ധനസഹായം അനുവദിക്കുന്നത്. ആശുപത്രി സഹകരണ സംഘത്തിന് ഇതിന്റെ അംഗങ്ങളിൽ നിന്നും പിരിഞ്ഞടഞ്ഞ ഓഹരി മൂലധനത്തിന്റെ 20 ഇരട്ടി ആണ്

ഓഹരി മൂലധനമായി സർക്കാരിൽ നിന്നും ലഭിക്കുവാൻ അർഹതയുള്ളത്. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രോജക്ടിനുള്ള ധനസഹായം ആശുപത്രി/നോഡൽ ഏജൻസിക്കാണ് അനുവദിച്ചു നൽകുന്നത്. ടി പദ്ധതി വിലയിരുത്തുന്നതിനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയേയും പ്രാദേശിക മാനേജിംഗ് കമ്മിറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

- ❖ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.
- ❖ സർക്കാരിൽ നിന്നും വിവിധ സ്കീമുകളിലായി സ്വീകരിച്ചിട്ടുള്ള ധനസഹായവും സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ള തുകയുടെയും കുടിശ്ശികയുടെയും വിവരങ്ങൾ.
- ❖ അവസാന മൂന്ന് വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്.
- ❖ ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള പ്രായോഗിക ഉറപ്പ് വരുത്തി കൊണ്ടുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്.
- ❖ ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ അഴിമതിരഹിത കുടിശ്ശികരഹിത സർട്ടിഫിക്കറ്റുകൾ
- ❖ ആശുപത്രി സംഘത്തിന്റെ പ്രവർത്തനവും സാമ്പത്തിക സ്ഥിരതയും വിലയിരുത്തി സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ റിപ്പോർട്ട്.

## 46. ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി

ജി.ഒ(എം.എസ്) 47/95/സഹ. തീയതി 13.03.1995
ജി.ഒ(എം.എസ്) 180/2011/സഹ. തീയതി 22.11.2011

- ❖ എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ട്.
- ❖ സംഘത്തിന്റെ അറ്റനഷ്ടം, സ്വന്തം ഫണ്ടിനേക്കാൾ അധികരിക്കരുത്.
- ❖ സംഘത്തിന് കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.

**ധനസഹായം**

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ 65% പദ്ധതി വിഹിതമായി സർക്കാർ നൽകും

| | | |
|---|---|---|
| ഓഹരി | – | 20% |
| വായ്പ | – | 25% |
| സബ്സിഡി | – | 20% എന്ന അനുപാതത്തിൽ നൽകും |

## 47. സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം

ജി.ഒ(എം.എസ്)7/2001/സഹ. തീയതി 12.01.2001

- ❖ എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ട്.
- ❖ വൻകിട വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
- ❖ വൻകിട വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതിയുടെ 50% തുക ചുവടെ പരാമർശിക്കുന്ന അനുപാതത്തിൽ നൽകും.

| | | |
|---|---|---|
| സബ്സിഡി | – | 10% |
| ഓഹരി | – | 20% |
| വായ്പ | – | 20% |

- ❖ ഓഹരി വാങ്ങുന്നതിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- ❖ സംഘം വയബിൾ ആയിരിക്കണം - വൈവിദ്ധ്യവൽക്കരണത്തിന് പ്രാപ്തമായിരിക്കണം.
- ❖ സ്വയം പ്രവർത്തനം തൃപ്തികരമായിരിക്കണം. 3 വർഷം സ്ഥിരമായ ബിസിനസ്സ് ഓപ്പറേറ്റർ ഉണ്ടായിരിക്കണം.
- ❖ സുസ്ഥിര സാമ്പത്തിക സ്ഥിതി ഉണ്ടായിരിക്കണം.
- ❖ തൊട്ട് മുൻ വർഷത്തെ ബാലൻസ് ഷീറ്റും, തൻവർഷത്തെ താൽക്കാലിക സാക്ഷിപത്രം ഉള്ളടക്കം ചെയ്യണം.
- ❖ അഴിമതിരഹിതമായിരിക്കണം.
- ❖ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
- ❖ അംഗങ്ങൾക്ക് പ്രയോജനകരമായ പ്രോജക്ടുകൾ ആയിരിക്കണം ഏറ്റെടുക്കേണ്ടത്.

❖ സംഘത്തിന് ആസ്തി ആർജ്ജിക്കുന്നതിനുള്ള പ്രോജക്ടുകളായിരിക്കണം സമർപ്പിക്കേണ്ടത്.

**അനുവദിക്കുന്ന അധികാരി – സഹകരണ സംഘം രജിസ്ട്രാർ**
**തിരിച്ചടയ്ക്കേണ്ടത്**

വായ്പ – പിൻവലിച്ച തീയതി മുതൽ 3 വർഷം കഴിഞ്ഞ്
10 വാർഷിക തുല്യ തവണകളായി
ഓഹരി – 3–ാം വർഷം മുതൽ – 6 തുല്യ തവണകളായി

## 48. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം

ജി.ഒ(ആർ.റ്റി)148/2010/സഹ. തീയതി 08.03.2010

ഉദ്ദേശം : സഹകരണ മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള ധനസഹായം.

**നിബന്ധനകൾ**

❖ ബൈലായിൽ സർക്കാർ ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടാകണം.
❖ ഭരണസമിതി തീരുമാനം കൈക്കൊണ്ടിരിക്കണം.
❖ കഴിഞ്ഞ 5 വർഷം തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം.
❖ പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം.
❖ ജനറൽ ബോഡി ക്രമമായി കൂടിയിരിക്കണം
❖ ഡിവിഡന്റ് ഡിക്ലയർ ചെയ്യണം.
❖ കഴിഞ്ഞ 5 വർഷം യാതൊരു ക്രമക്കേടും പ്രവർത്തനത്തിൽ ഉണ്ടായിരിക്കരുത്.

| | |
|---|---|
| പരമാവധി ധനസഹായം | : 25 ലക്ഷം രൂപ |
| ഓഹരി | : 10 ലക്ഷം രൂപ |
| വായ്പ | : 10 ലക്ഷം രൂപ |
| സബ്സിഡി | : 5 ലക്ഷം രൂപ |

## 49. പി.എ.സി.എസ് ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

ജി.ഒ(ആർ.റ്റി)33/2018/സഹ. തീയതി 23.08.2018

| | |
|---|---|
| പരമാവധി ധനസഹായം | : 3ലക്ഷം രൂപ |
| ഓഹരി | : 2 ലക്ഷം രൂപ |
| വായ്പ | : 50000 രൂപ |
| സബ്സിഡി | : 50000 ലക്ഷം രൂപ |

എ) 3 ലക്ഷം രൂപ അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ് (4:1:1)

**ധനസഹായത്തിന്റെ രീതി**

1. ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചു കൊള്ളാമെന്നും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചു കൊള്ളാമെന്നുള്ള ധാരണാപത്രം.
2. പ്രോജക്ട് റിപ്പോർട്ടും പ്രായോഗിക ക്ഷമത സംബന്ധിച്ച ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള ടെക്നിക്കൽ റിപ്പോർട്ടും ഉള്ളടക്കം ചെയ്യണം.
3. സംഘം അഴിമതി വിമുക്തമാണെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം.
4. സർക്കാരിലേയ്ക്ക്/കുടിശ്ശിക ഒന്നും തന്നെ അടയ്ക്കുവാൻ ബാക്കി നിൽപ്പില്ലെന്ന ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം.
5. ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
6. സംഘത്തിന് മുഴുവൻ സമയ വേതനം പറ്റുന്ന സെക്രട്ടറി, ചീഫ് എക്സിക്യൂട്ടീവ്,തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/ഭരണാധികാരി ഉണ്ടായിരിക്കണം.

**തിരിച്ചടവ്**

10 തുല്യ വാർഷിക ഗഡുക്കളായി ആദ്യ തവണ പിൻവലിച്ച 1–ാമത്തെ വർഷം മുതൽ

## 50. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ

ജി.ഒ(എം.എസ്)11/85/എ.ഡി തീയതി 17.01.1985
ജി.ഒ(എം.എസ്)40/9/സഹ. തീയതി 26.02.1999

- ബൈലായിൽ സർക്കാർ ഓഹരിയെടുക്കുന്നതിന് വ്യവസ്ഥയുണ്ടാകണം.
- കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിരിക്കണം.
- അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ (ഫോറം എ) സമർപ്പിക്കണം.
- ഭരണസമിതി തീരുമാനം.
- അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:4 ആയി നിലനിർത്തണമെന്നുള്ള തീരുമാനം.

**അനുവദനീയ തുക**

വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപ

**തിരിച്ചടവ്**

- 15 വർഷം കൊണ്ട്
- 10 വാർഷിക തുല്യ തവണകളായി
- തുക പിൻവലിച്ച തീയതിയുടെ 6-)ൽ വാർഷികത്തിൽ

## 51. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (സബ്സിഡി/ഓഹരി/വായ്പ)

ജി.ഒ(എം.എസ്)നമ്പർ 122/2013/സഹ തീയതി : 27.09.2013

1. പ്രാഥമിക വിപണന സഹകരണ സംഘങ്ങൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തിന് വിധേയമായാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹാം അനുവദിക്കുന്നത്.
2. പ്രോജക്ട് റിപ്പോർട്ടിന്റെ 75 ശതമാനം പരമാവധി 25 ലക്ഷം രൂപ സബ്സിഡി, ഓഹരി, വായ്പ എന്നിങ്ങനെ 20:25:30 എന്ന അനുപാതത്തിൽ ധനസഹായമായി നൽകുന്നു.
3. ധനസഹായത്തിന് സംഘങ്ങൾ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

- ധനസഹായത്തിന് അപേക്ഷിക്കുന്ന സംഘങ്ങൾ വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കണം.
- സംഘത്തിൽ യോഗ്യതയുള്ള പൂർണ്ണ സമയ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം.
- സംഘം അവസാനത്തെ തുടർച്ചയായ 3 വർഷവും ലാഭത്തിലായിരിക്കണം.
- സംഘം അഴിമതി വിമുക്തമായിരിക്കണം.
- സർക്കാർ ഓഹരിയുള്ള വ്യവസ്ഥ സംഘം ബൈലായിൽ ഉണ്ടായിരിക്കണം
- പച്ചക്കറി വിപണനം നടത്തുന്ന സംഘങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.
- മുൻകാലങ്ങളിൽ നൽകിയിട്ടുള്ള വായ്പ മടക്കി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സംഘങ്ങളെ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് പരിഗണിക്കുന്നതല്ല.
- ധനസഹായം പിൻവലിച്ച് 12 മാസത്തിനുള്ളിൽ വിനിയോഗിക്കണം.
- ധനസഹായം പിൻവലിച്ച് 3-)o വർഷം മുതൽ ഓഹരിയും വായ്പയും 10 വാർഷിക ഗഡുക്കളായി മടക്കി അടയ്ക്കേണ്ടതാണ്.
- ഓരോ വർഷവും ലാഭവിഹിതം പൊതുയോഗം അംഗീകരിക്കുന്ന തീയതി മുതൽ 1 മാസത്തിനകം സർക്കാ വിഹിതം ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

## 52. ആർ.ഐ.ഡി.എഫ് (നബാർഡ് പദ്ധതി)

ജി.ഒ(എം.എസ്)11/85/എ.ഡി തീയതി 17.01.1985
ജി.ഒ(എം.എസ്)40/9/സഹ. തീയതി 26.02.1999

1. സഹകരണ സംഘം രജിസ്ട്രാർ തെരെഞ്ഞെടുക്കുന്ന സംഘങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്.

2. നബാർഡിന്റെ പോളിസിയും, സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ ധനസഹായം അനുവദിക്കുന്നത്.
3. പ്രോജക്റ്റ് കോസ്റ്റിന്റെ 20% മൊബിലൈസേഷൻ അഡ്വാൻസായി നൽകുന്നു. പ്രോജക്റ്റ് പൂർത്തിയാക്കി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ ബാക്കി തുക അനുവദിക്കുകയുള്ളൂ.
4. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രോജക്റ്റ് ആരംഭിക്കാത്ത പക്ഷം ഇത് നോൺ സ്റ്റാർട്ടർ പ്രോജക്റ്റ് ആയി മാറ്റുന്നതും ടി തുക പലിശയും പിഴപലിശയും ചേർന്ന് മടക്കി അടയ്ക്കേണ്ടതുമാണ്.
5. രണ്ട് വർഷത്തിനുള്ളിൽ ടി പ്രോജക്റ്റ് ആരംഭിക്കാത്തപക്ഷം ടി പദ്ധതി അനുവാദം സ്വമേധയാ നഷ്ടപ്പെടുന്നതാണ്.

## 53. അശരണരായ സഹകാരികൾക്കുള്ള ധനസഹായം

1. സഹകരണ രംഗത്ത് പ്രത്യേകിച്ച് സർക്കിൾ (താലൂക്ക്), ജില്ല, സംസ്ഥാന തലത്തിൽ പ്രവർത്തിച്ചിട്ടുള്ളവരും വളരെക്കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വോൻമുഖമായ പുരോഗതിക്ക് വേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രവർത്തിച്ചവരും, ഇപ്പോൾ 36,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് -
   എ) രോഗ ശുശ്രൂഷയ്ക്ക്
   ബി) ചിതിത്സയ്ക്ക്
   സി) ഖണ്ഡിക 1 പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ
   അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് സഹായം നൽകുന്നതിനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.
   കുറിപ്പ് :- കുടുംബാംഗങ്ങൾ/ആശിതർ എന്നാൽ -
   അമ്മ, ഭാര്യ, മകൻ, മകൾ, വളർത്തുമകൻ, വളർത്തു മകൾ എന്നിവർ ഉൾപ്പെടുന്നു.
2. സഹകരണ നവരത്നം ബംബർ ലോട്ടറി 2008 ന്റെ ലാഭവിഹിതത്തിൽ നിന്നുളള 2 കോടി രൂപായും, ടി തുകയ്ക്ക് ജനിക്കുന്ന പലിശയും, ചേർന്ന തുകയായിരിക്കും ഈ ഫണ്ടിന്റെ കോർപ്പസ്.
3. <u>ധനസഹായത്തിന്റെ ഘടന</u>
   എ) സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/- രൂപ
   ബി) സഹകാരികൾക്ക് മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് /ആശ്രിതർക്ക് പരമാവധി 25000/- രൂപ

ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയും, ചികിത്സിയ്ക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെയും (ചികിത്സാ ചെലവിന്), വില്ലേജ് ആഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റി നൽകാവുന്ന ധനസഹായത്തിന്റെ തുക നിശ്ചയിക്കുന്നതാണ്.

4) <u>അപേക്ഷ സമർപ്പിക്കേണ്ട രീതി:</u>
എ) സംസ്ഥാന തലത്തിലോ ജില്ലാതലത്തിലോ, സർക്കിൾതലത്തിലോ സഹകണ മേഖലയിൽ
നിസ്വാർത്ഥ സേവനം കാഴ്ചവച്ച സഹകാരികൾക്ക് ഈ ഫണ്ടിന്റെ പ്രയോജനം ലഭിക്കുന്നതാണ്.
ബി) ഈ ഫണ്ടിൽ നിന്നും ധനസഹായത്തിന് അർഹതയുള്ളവർ നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയ അപേക്ഷ, അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന താലൂക്കിലെ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറിയ്ക്ക്/അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ക്ക് ആവശ്യമായ സാക്ഷ്യപത്രങ്ങൾ സഹിതം സമർപ്പിക്കേണ്ടതും, സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി അപേക്ഷയും അനുബന്ധങ്ങളും അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. സഹകരണ സംഘം രജിസ്ട്രാർ ടി അപേക്ഷകൾ സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്. അപേക്ഷയും ചട്ടങ്ങളും - സഹകരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

# എൻ.സി.ഡി.സി പദ്ധതികൾ

## 1. കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള എൻ.സി.ഡി.സി ധനസഹായം

ജി.ഒ(ആർ.റ്റി)804/2010/സഹ തീയതി 27.12.2010

കുറഞ്ഞത് 100 അംഗങ്ങളും കാർഷിക സംസ്കരണത്തിന് ബൈലായിൽ വ്യവസ്ഥയും, പശ്ചാത്തല സൗകര്യവും, സ്വന്തമായി സ്ഥാവരമുള്ള എല്ലാതരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിന് ധനസഹായം ലഭിക്കും

**ധനസഹായം**

പ്രോജക്ടിന്റെ – 50% വായ്പ എൻ.സി.ഡി.സി നൽകും<br>
40% സംസ്ഥാന ഗവൺമെന്റ് നൽകും – ടി 40% – ൽ<br>
30% സംസ്ഥാന ഗവൺമെന്റ് ഓഹരിയായും,<br>
10% സബ്സിഡിയായും നൽകും<br>
10% സംഘം വിഹിതം

- നിർദ്ദിഷ്ട ഫോറത്തിൽ (ഫാറം എ) ചുവടെ ചേർക്കുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.
- പ്രോജക്ട് റിപ്പോർട്ട്
- സാമ്പത്തിക സഹായത്തിന് അപേക്ഷിച്ച് കൊണ്ടും ചട്ടങ്ങൾ പാലിച്ച് കൊള്ളാമോന്നും ധനസഹായം സ്വീകരിക്കുന്നതിനും എഗ്രിമെന്റുകൾ എക്സിക്യൂട്ടീവ് ചെയ്യുന്നതിനുള്ള വ്യക്തികളെ ചുമലപ്പെടുത്തുന്നതിനുമുള്ള ഭരണസമിതി തീരുമാനങ്ങൾ.
- കുടിശ്ശികരഹിത – അഴിമതിരഹിത സർട്ടിഫിക്കറ്റുകൾ
- ഏറ്റവും ഒടുവിലത്തെ ആഡിറ്റ് ബാലൻസ് ഷീറ്റും താൽക്കാലിക സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും
- അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1: 20 ആയിരിക്കണം.
- പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം കുറഞ്ഞത് 100000 ഉണ്ടായിരിക്കണം
- പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം. വായ്പ 2 തവണയായി മാത്രമേ ലഭിക്കുകയുള്ളൂ. ആകെ വായ്പ തുകയുടെ 50% –ൽ അധികരിക്കാത്ത തുക ആദ്യ തവണ നൽകും

  സംഘത്തിന് വസ്തു ഉണ്ടായിരിക്കുകയും, സംഘത്തിന്റെ വിഹിതമായി ചെലവഴിക്കേണ്ട തുകയുടെ 50% ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുമ്പോൾ ആദ്യതവണ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തതിനും ശേഷം 2–)ം തവണ നൽകും.

**തിരിച്ചടവ്**

1. വായ്പ – 10 വർഷം കൊണ്ട് തുല്യതവണകളായി അടയ്ക്കണം (ആദ്യ തവണ 2–)ം വർഷം മുതൽ
2. ഓഹരി – 10 വർഷം കൊണ്ട് തുല്യതവണകളായി അടയ്ക്കണം (ആദ്യ തവണ 3–)ം വർഷം മുതൽ

## 2. കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം/ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി സഹായം (Credit linked capital investment subsidy scheme)

ജി.ഒ(എം.എസ്)88/2007 തീയതി 07.03.2007

1. സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റിംഗ് സൊസൈറ്റികൾ (ഫെഡറൽ ആന്റ് പ്രൈമറി) അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ, മലയോര പ്രദേശങ്ങളായ സഹകരണ സംഘങ്ങൾ എസ്.സി/എസ്.റ്റി ഫെഡറേഷൻ എന്നീ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്.

2. ഫാറം (എ) യിൽ അപേക്ഷ സമർപ്പിക്കണം (മൂന്ന് പകർപ്പുകൾ) ആയതിനോടൊപ്പം ഭരണസമിതി തീരുമാനം, ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച Viable Project report, സർക്കാർ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്ലാൻ എസ്റ്റിമേറ്റ്, കടിക്കട സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ് (encumbrance certificate), site

suitability, ഗവൺമെന്റ് പ്ലീഡനിൽ നിന്നും ലീഗൽ ഒപ്പീനിയൻ certificate, building permit, ആഡിറ്റ് സർട്ടിഫിക്കറ്റ് തുടങ്ങിയ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ എന്നിവയും സമർപ്പിക്കണം.

3. രണ്ടു ഘട്ടങ്ങളായിട്ടാണ് സാമ്പത്തിക സഹായം വിതരണം ചെയ്യുന്നത്.

4. സാമ്പത്തിക സഹായം (Pattern of funding)

മലയോര പ്രദേശം, ട്രൈബൽ എന്നീ സ്ഥലങ്ങളിലെ സഹകരണ സംഘങ്ങൾ, എസ്.സി/എസ്.റ്റി സംഘങ്ങൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക്

| | | |
|---|---|---|
| വായ്പ | : | 50% |
| ഓഹരി | : | 15% |
| സബ്സിഡി | : | 25% |
| സംഘം വിഹിതം | : | 10% |

മലയോര പ്രദേശം, ട്രൈബൽ എന്നീ സ്ഥലങ്ങളിലെ സഹകരണ സംഘങ്ങൾ, എസ്.സി/എസ്.റ്റി സംഘങ്ങൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക്

| | | |
|---|---|---|
| വായ്പ | : | 50% |
| ഓഹരി | : | 6.67% |
| സബ്സിഡി | : | 33.33% |
| സംഘം വിഹിതം | : | 10% |

**നിബന്ധനകൾ**

1. പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
2. ഭരണസമിതി ഉണ്ടായിരിക്കണം.
3. സംഘം അഴിമതിരഹിതവും കുടിശ്ശികരഹിതവുമായിരിക്കണം.
4. അറ്റനഷ്ടം സ്വന്തം ഫണ്ടിനെക്കാൾ അധികരിക്കരുത്
5. വായ്പേതര ബിസിനസ്സിനുള്ള സാധ്യത ഉണ്ടായിരിക്കണം

## 3. മാർക്കറ്റിംഗ് സംഘങ്ങൾ/പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മറ്റ് സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള എൻ.സി.ഡി.സി ധനസഹായം

ജി.ഒ(എം.എസ്)192/2000/എ.ഡി തീയതി 06.06.2000

മാർജിൻ മണി ധനസഹായം – ഓഹരിയായി അനുവദിക്കുന്നു.

1. ഫാറം (എ) യിൽ അപേക്ഷ സമർപ്പിക്കണം.
2. ഭരണസമിതി തീരുമാനം ഉണ്ടായിരിക്കണം. ആയതിൽ ധനസഹായത്തിന്റെ ആവശ്യകതയും തുകയും, വിവരങ്ങളും കാലാകാലങ്ങളിൽ രജിസ്ട്രാർ/സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും, നിർദ്ദേശങ്ങളും പാലിച്ചു കൊള്ളാമെന്ന സമ്മതവും ഉണ്ടായിരിക്കണം.
3. ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ടും (Project Feasibility certificate) ഉം.
4. ബൈലായിൽ സർക്കാർ ഓഹരിയ്ക്കും നിർദ്ദിഷ്ട പ്രവർത്തനത്തിനും വ്യവസ്ഥ ഉണ്ടായിരിക്കണം.
5. വളം, കീടനാശിനി, വിത്ത് മറ്റ് കാർഷിക ആവശ്യ സാധനങ്ങൾ (Agricultural input) തുടങ്ങിയ വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കണം.
6. അംഗ ഓഹരിയും സർക്കാർ ഓഹരിയും 1:5 എന്ന അനുപാതത്തിൽ ഓഹരി മൂലധന സഹായം അനുവദിക്കുന്നത്.
7. ജോയിന്റ് രജിസ്ട്രാറിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി തുക രജിസ്ട്രാർ നിശ്ചയിക്കും
8. സംഘം പോസിറ്റീവ് നെറ്റ് വർത്തിൽ ആയിരിക്കണം.
9. സംഘം അഴിമതി രഹിത കുടിശ്ശികരഹിതമായിരിക്കണം.
10. മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/ മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.

**തിരിച്ചടവ് 10 തുല്യ വാർഷിക തവണകളായി ആദ്യ തവണ ആദ്യ വർഷം മുതൽ**

## 4. വിപണന പ്രവർത്തനങ്ങൾ – പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷി വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻ മണി/ദീർഘകാല വായ്പ – എൻ.സി.ഡി.സി പദ്ധതി

ജി.ഒ(എം.എസ്)144/2001/എ.ഡി തീയതി 05.06.2000

**നിബന്ധനകൾ**

1. ഫാറം 'എ' യിൽ അപേക്ഷ സമർപ്പിക്കണം.
2. പ്രായോഗിക ക്ഷമതയുള്ളതും പ്രായോഗിക ക്ഷമതയ്ക്ക് സാദ്ധ്യതയുള്ളതുമായ (Viable/potentially viable) സഹകരണ സംഘങ്ങളെ മാത്രമേ ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്യാൻ പാടുള്ളൂ.
3. അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടായിരിക്കണം ജോയിന്റ് രജിസ്ട്രാർ പ്രോജക്റ്റ് റിപ്പോർട്ടിന്മേൽ റിവ്യൂ റിപ്പോർട്ട് സമർപ്പിക്കണം.
4. നിർദ്ദിഷ്ട പ്രവർത്തനത്തിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
5. സംഘം Viable/Potentially Viable അല്ലെങ്കിൽ ഭാവിയിൽ വികസനത്തിനും, ബിസിനസ് പ്രവർത്തനങ്ങൾക്കുള്ള വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സാദ്ധ്യതയുണ്ടെന്ന ജോയിന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
6. സംഘത്തിന് പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം.
7. സംഘത്തിന് സർക്കാരിനോടോ financing Bank നോടോ അപ്പക്സ് സ്ഥാപനത്തിനോടോ കുടിശ്ശികയുണ്ടായിരിക്കാൻ (Chronic defaulter) പാടില്ല.
8. തെരഞ്ഞെടുത്ത ഭരണസമിതി ഉണ്ടായിരിക്കണം.
9. പ്രാഥമിക കാർഷിക മാർക്കറ്റിംഗ് സംഘം വ്യാപ്തമായിരിക്കണം
10. സംഘത്തിൽ യോഗ്യതയുള്ള സെക്രട്ടറി ഉണ്ടായിരിക്കണം.
11. സഹകരണ സംഘം രജിസ്ട്രാർ Project Report അംഗീകരിക്കണം.

**സാമ്പത്തിക സഹായം**

സംഘത്തിന്റെ ബൈലാ വ്യവസ്ഥയിലെ M.R.P യുടെ അടിസ്ഥാനത്തിൽ എൻ.സി.ഡി.സി സാമ്പത്തിക സഹായത്തിന്റെ പരമാവധി തുക നിശ്ചയിക്കും.

**മാർജിൻമണി ധനസഹായം**

സംഘം സഞ്ചിത നഷ്ടത്തിലാണെങ്കിലും Positive net worth – ഉണ്ടെങ്കിൽ 75 വായ്പയായും, 25 ഓഹരിയായും ധനസഹായം എൻ.സി.ഡി.സി അനുവദിക്കും. വായ്പ നൽകുമ്പോൾ ഈടുവയ്ക്കുന്ന വസ്തുവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**തിരിച്ചടവ്**

വായ്പ – 10 തുല്യ വാർഷിക തവണകൾ, ആദ്യ തവണ ആദ്യ വർഷം

ഓഹരി – 10 തുല്യ വാർഷിക തവണകൾ ആദ്യ തവണ ആദ്യ വർഷം മുതൽ

## 5 പ്രാഥമിക കാർഷിക സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

### (Financial assistance to Co-operatives, including Agrictultutal Credit Co-operativesfor development of infrastructural facilities for Agricultural Credit activies)

ജി.ഒ (എം.സ്) നമ്പർ 338/2011/സഹ. തീയതി 19.05.2011

**അർഹതയുള്ള സ്ഥാപനങ്ങൾ**

- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ
- സർവ്വീസ് സഹകരണ ബാങ്കുകൾ
- പ്രാഥമിക കാർഷിക വികസന ബാങ്കുകൾ
- ജില്ലാ സഹകരണ ബാങ്കുകൾ
- സംസ്ഥാന സഹകരണ ബാങ്ക്

- സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്.

**ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

- കാർഷിക വായാപാ പ്രവർത്തനം ഏറ്റെടുക്കുന്നതിനുള്ള ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- മിനിമം ഓഹരി മൂലധനം ഒരു ലക്ഷം രൂപ ഉണ്ടായിരിക്കണം
- പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം.
- പെയ്ഡ് സെക്രട്ടറി ഉണ്ടാകണം.
- സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.
- സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തുക കുടിശ്ശിക ആയിരിക്കരുത്

**ആകെ ധനസഹായം**

- പ്രോജക്റ്റിന്റെ 50 ശതമാനം വായ്പ
- 40 ശതമാനം ഓഹരി
- 10 ശതമാനം സംഘം/ബാങ്ക് ഫണ്ട്

ഓഹരി – അംഗങ്ങളിൽ നിന്നുള്ള ഓഹരിയുടെ 5 ഇരട്ടി പരമാവധി 50 ലക്ഷം രൂപ (സ്പെഷ്യൽ ഗ്രേഡ് ക്ലാസ്സ് I,II, III)

പരമാവധി 25 ലക്ഷം രൂപ (ക്ലാസ് IV, V,VI, VII)

വായ്പാ – പ്രോജക്റ്റ് കോസ്റ്റിന്റെ പരമാവധി 50 ശതമാനം.

**ധനസഹായം ലഭിക്കുന്ന പദ്ധതികൾ/ ആവശ്യങ്ങൾ**

നിർമ്മാണം (Creation), നവീകരണം (modernization) അറ്റകുറ്റപ്പണി (Repairs) പുനരുദ്ധാരണം (Renovation) വികസിപ്പിക്കൽ (Expansion) മുതലായ ശാഖാ/ഓഫീസ് കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ (infrastructural facilities) കൗണ്ടറുകൾ, സ്റ്റോങ്റൂം, സേഫ് ഡിപ്പോസിറ്റ്സ് വാൾസ്, വാഹനഘ്ഘൾ, ഫർണ്ണിച്ചറുകൾ/ഫിക്സ്ചേഴ്സ് എന്നിവയ്ക്ക് ലഭിക്കും.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട അപേക്ഷ
- സർക്കാരിൽ നിന്നും എൻ.സി.ഡി.സി പദ്ധതിപ്രകാലം ധനസഹായം അപേക്ഷിച്ചുകൊണ്ടുള്ള ഭരമ സമിതി തീരുമാനം
- ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചികൊള്ളാമെന്നും, രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്നുമുള്ള ഉറപ്പ്.
- വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്
- കഴിഞ്ഞ 2 വർഷത്തെ ധനകാര്യകണക്കുകൾ
- ഏറ്റവും അവസാനത്തെ താൽക്കാലിക കടധന പട്ടിക (താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തിയിരിക്കണം,)
- വ്യക്തി/സർക്കാർ ഓഹരി 5:1 നിലനിർത്താമെന്നുള്ള ഭരണസമിതി തീരുമാനം.
- സർക്കാരിലേയ്ക്ക് തുക അടയ്ക്കാനില്ലെന്നുള്ള ജോയിന്റ് രജിസ്ട്രാർ (ജനറൽ) നൽകുന്ന സർട്ടിഫിക്കറ്റ്.
- അഴിമതി രഹിതമാണെന്നുള്ള സർട്ടിഫിക്കറ്റ്

വിനിയോഗം – 12 മാസത്തിനകം വിനിയോഗിക്കണം

തിരിച്ചടവ് – ഓഹരി – 10 തുല്യ വാർഷിക തവണ (2–)0 വർഷം മുതൽ ആരംഭിക്കും

വായ്പ – 8 വർഷം (1–2 വർഷം മൊറൊട്ടോറിയം)

വായ്പ പലിശ – വായ്പാ നൽകുന്ന സമയത്തിനുള്ള പലിശ

## 5. എൻ.സി.ഡി.സി കേരള സംസ്ഥാന സഹകരണ ഫെഡറേഷൻ, ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്കുള്ള ധനസഹായം.

ജി.ഒ (എം.സ്) നമ്പർ 202/07/സഹ. തീയതി 14.09.2007

**പൊതുവായ നിബന്ധനകൾ**

- കൺസ്യൂമർ ബിസിനസ് മാത്രമേ ധനസഹായം നൽകുകയുള്ളൂ.
- തെരഞ്ഞെടുക്കപ്പെട്ട ഭരണസതിതി ഉണ്ടായിരിക്കണം.
- മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.

**മാർജിൻ മണി ധനസഹായം**

- വായ്പയായി അനുവദിക്കുന്നു.
- പ്രോജക്റ്റ് റിപ്പോർട്ടും ജോയിന്റ് രജിസ്ട്രാരുടെ പ്രോജക്റ്റ് വിശകലന റിപ്പോർട്ടും
- ഭരണസമിതി തീരുമാനം

* കുടിശ്ശിക രഹിത അഴിമതി രഹിത സർട്ടിഫിക്കറ്റുകൾ

<u>വാഹനം വാങ്ങുന്നതിനുള്ള ധനസഹായം.</u>

* വായ്പാ ധനസഹായം – വാഹനത്തിന്റെ വിലയുടെ 70 ശതമാനം ധനസഹായം.
* പൊതുവായ നിബന്ധനകൾ ബാധകം
* വാഹനം വാങ്ങുന്നതിന് ക്വട്ടേഷൻ/ടെൻഡർ ക്ഷണിക്കണം.
* തുക പിൻവലിച്ച് 90 ദിവസത്തിനകം വാഹനം വാങ്ങിയിരിക്കണം.
* വാഹനം വാങ്ങി 30 ദിവസത്തിസകം വാഹനം സർക്കാരിൽ മോർട്ടഗേജ് ചെയ്യണം.
* വാഹനം ഇൻഷ്വർ ചെയ്തിരിക്കണം.

<u>കൺസ്യൂമർ ബിസിനസ് ഗോഡൗൺ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള ധനസഹായം</u>

| | | |
|---|---|---|
| പരമാവധി തുക | – | എസ്റ്റിമേറ്റ് കോസ്റ്റിന്റെ 90% |
| വായ്പാ | – | 75% |
| ഓഹരി | – | 15% |

പൊതുവായ നിബന്ധനകൾ ബാധകം

<u>തിരിച്ചടവ്</u>

| | | |
|---|---|---|
| വായ്പാ | – | എൻ.സി.ഡി.സി. നിശ്ചയിക്കുന്ന അഥവാ സാധാരണയായി 8 വർഷം. ആദ്യതവണ ഒന്നാം വർഷം മുതൽ |
| ഓഹരി | – | 14 തുല്യവാർഷിക തവണകൾ, ആദ്യ തവണ ഒന്നാം വർഷം മുതൽ |

## 6. <u>എൻ.സി.ഡി.സി.യുടെ റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള ധനസഹായം</u>

ജി.ഒ (എം.സ്) നമ്പർ 206/97/സഹ. തീയതി 11.07.1997

കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ/ജില്ലാ മൊത്ത വ്യാപാര സ്റ്റോർ/പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനസാഹായം ധനസഹായം

അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്നവയുടെ പകർപ്പുകൾ (50 ലക്ഷത്തിനു മുകളിലുള്ള അപേക്ഷകളിൽ 4 പകർപ്പുകൾ)

1. ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിച്ചു കൊള്ളാമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനങ്ങൾ
2. പ്രൊഫോർമ അപ്രൈസൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തണം.
3. ഒടുവിലത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്
4. അവസാന വർത്തെ താൽക്കാലിക ബാക്കിപത്രം, വ്യാപാര കണക്ക്, ലാഭനഷ്ട കണക്ക്.
5. സംഘത്തിന് പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടാകണം.
6. സർക്കാരിൽ കുടിശ്ശികയില്ലെന്നും സംഘം അഴിമതിരഹിതം എന്നും ജോയിന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്
7. പ്രോജക്റ്റ് റിപ്പോർട്ട്
8. ചെക്ക് ലിസ്റ്റ്
9. ബൈലായുടെ പകർപ്പ്

തിരിച്ചടവ് – 10 വർഷത്തേയ്ക്ക് അനുവദിക്കുന്നു. 8 വാർഷിക തുല്യ തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തവണ 3–)0 വർഷം മുതൽ

## 7. <u>ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.</u>

ജി.ഒ (ആർ.റ്റി) നമ്പർ 457/2008/സഹ. തീയതി 23.07.2008

<u>നിബന്ധനകൾ</u>

1. സർക്കാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിന് എ അല്ലെങ്കിൽ ബി ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള നല്ല നിലയിൽ പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘമായിരിക്കണം.
2. തൊഴിൽ രഹിതരായ തൊഴിലാളി അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച് സംഘമായിരിക്കണം.

3. അനുഭാവ അംഗങ്ങൾ (Sympathizers) ഒഴികെ കുറഞ്ഞത് 100 തൊഴിലാളി അംഗങ്ങൾ ഉണ്ടായിരിക്കണം.
4. അനുഭാവ അംഗങ്ങൾ (Sympathizers) ആകെ അംഗങ്ങളുടെ 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും പരമാവധി 7 അംഗങ്ങൾ ഉണ്ടാകാവുന്നതുമാണ്.
5. അംഗങ്ങളിട നിന്നും കുറഞ്ഞത് 5 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം ഉണ്ടായിരിക്കണം.
6. സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥയുണ്ടായിരിക്കണം.
7. തൊട്ടു മുമ്പിലത്തെ വർഷം വരെ ആഡിറ്റ് പൂർത്തിയായിരിക്കണം.
8. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം
9. പൂർണ്ണസമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
10. ചുവടെ ചേർക്കുന്ന നിബന്ധകളും പാലിച്ചിരിക്കണം.

| Minimum Member Ship | Minimum paid up Share Capital of Individual Members | Average value of works taken up annually for the last 3 year | Avarage value of works on hand with the society annually for the last 3 year | Avarge Number of Members employed by the society for at least 200 Days in One year for the last 3 years. | Audit Classification for the last 3 years audited |
|---|---|---|---|---|---|
| 200 | 5 ലക്ഷം | 20 ലക്ഷം | 50 ലക്ഷം | 150 | എ/ബി |
| 150 | 3 ലക്ഷം | 15 ലക്ഷം | 15 ലക്ഷം | 100 | എ/ബി |
| 100 | 5 ലക്ഷം | 10 ലക്ഷം | 7 ലക്ഷം | 70 | എ/ബി |

ആഡിററ് ക്ലാസിഫിക്കേഷൻ ബി യ്ക്ക് താഴെയാണെങ്കിൽ സഹകരണ സംഘം രജിസ്ട്രാർക്ക് ഇളവ് നൽകാവുന്നതാണ്.

അപേക്ഷയോടൊപ്പം ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കണമെന്ന ഉറപ്പിനും അംഗങ്ങളുടെ ഓഹരിയും സർക്കാർ ഓഹരിയും 1 : 5 എന്ന അനുപാതത്തിൽ നിലനിറുത്തുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനങ്ങൾ, പ്രോജക്ട് റിപ്പോർട്ട്, കുടിശ്ശിക രഹിത/അഴിമതി രഹിത സർട്ടിഫിക്കറ്റുകൾ ജോയിന്റ് രജിസ്ട്രാറുടെ അപ്രൈസൽ റിപ്പോർട്ട് മുതലായവയുടെ 4 പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

## ധനസഹായം

പ്രോജക്ടിന്റെ 90% എൻ.സി.ഡി.സി. ധനസഹായം അനുവദിക്കുന്നു. ആയത് 50% വായ്പയായും, 40% ഓഹരിയായും അനുവദിക്കുന്നു.
അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ 50 ഇരട്ടി പരമാവധി 500 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിക്കുന്നു. പരമാവധി തുക കണക്കാക്കുന്നതിൽ മുമ്പ് അനുവദിച്ചിട്ടുള്ള ഓഹരി മൂലധന വിഹിതവും കണക്കാക്കാവുന്നതാണ്.

## വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം

- പൊതുവായ നിബന്ധനകൾ ബാധകം
- 90% വായ്പയായി ധനസഹായം നൽകുന്നു.
- അംഗീകൃത ഡീലറിൽ നിന്നും ക്വട്ടേഷൻ/ടെൻഡർ ക്ഷണിച്ചു വാഹനം വാങ്ങേണ്ടതാണ്
- തുക പിൻവലിച്ച് 90 ദിവസത്തിനകം വാഹനം വാങ്ങേണ്ടതാണ്.
- വാഹനം വാങ്ങി 30 ദിവസത്തിനകം മോർട്ട്ഗേജ് ഡീഡ് എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.

തിരിച്ചടവ്

| | | |
|---|---|---|
| ഓഹരി | – | 10 വാർഷിക തവണകൾ ആദ്യത്തെ തവണ ഒന്നാം വർഷം മുതൽ |
| വായ്പ | – | എൻ.സി.ഡി.സി./സർക്കാർ നിശ്ചയിക്കും അഥവാ 8 വർഷം, ആദ്യ തവണ ഒന്നാം വർഷത്തിൽ |

## 8. ടൂറിസം ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട് പുതിയതും, പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജസ്രോതസ്സുകളിൽ നിന്നുമുള്ള ഊർജ്ജ ഉത്പാദനവും വിതരണവും, ഗ്രാമീണ ഭവന

## പദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾക്കുള്ള ധനസഹായം

ജി.ഒ (ആർ.റ്റി) നമ്പർ 68/201/സഹ. തീയതി 03.02.2011

| | വായ്പാ | ഓഹരി |
|---|---|---|
| റൂറൽ ഹൗസിംഗ് ഒഴികെയുള്ള പദ്ധതികൾക്ക് മാർജിൻമണി ധനസഹായം | 60% | 40% |
| റൂറൽ ഹൗസിംഗ് ഒഴികെയുള്ള പദ്ധതികൾക്ക് പ്രവർത്തന മൂലധനസഹായം | 100% | |
| അടിസ്ഥാന സൗകര്യം ഒരുക്കൽ റൂറൽ ഹൗസിംഗ് ഒഴികെയുള്ള പദ്ധതികൾ (അംഗങ്ങളുടെ വിഹിതം 10%) | 50% | 40% |
| റൂറൽ ഹൗസിംഗ് പദ്ധതികൾ 90% (അംഗങ്ങളുടെ വിഹിതം 10%) | | |

(പരമാവധി ഓഹരി മൂലധനസഹായം അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിവരെയായി നിജപ്പെടുത്തിയിട്ടുണ്ട്. വായ്പാപയിനത്തിൽ, അനുവദിക്കുന്ന തുക പദ്ധതി റിപ്പോർട്ട് പ്രകാരം സർക്കാർ നിശ്ചയിക്കുന്നതാണ്.)

### നിബന്ധനകൾ

- സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
- സർക്കാർ ഓഹരി മൂലധനം ഒഴികെ അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനമായി 1 ലക്ഷം രൂപയെങ്കിലും ഉണ്ടായിരിക്കണം.
- ബൈലായിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിനും, സർക്കാർ/എൻ.സി.ഡി.സി. യിൽ നന്നും വായ്പ എടുക്കുന്നതിനും വ്യവസ്ഥയുണ്ടായിരിക്കണം.
- തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
- മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം.
- അഴിമതി രഹിതവും സർക്കാരിലേയ്ക്ക് കുടിശ്ശിക രഹിതവുമായിരിക്കണം.
- റൂറൽ ഹൗസിംഗ് പദ്ധതികൾക്ക് സംഘത്തിന് സ്വന്തമായി സ്ഥലം ഉണ്ടായിരിക്കണം. പദ്ധതി ഗ്രാമീണ മേഖലയിൽ തന്നെയായിരിക്കണം.
- വായ്പ ധനസഹായത്തിന് ആവശ്യമായ ഈട്ട നൽകാൻ സംഘത്തിന് മതിയായ ജാമ്യ വസ്തു ഉണ്ടായിരിക്കണം.

### അപേക്ഷയോടൊപ്പം

- പദ്ധതി ധനസഹായം ലഭ്യമാക്കുന്നതിനും, കാലാകാലങ്ങളിലുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ടും രേഖകളിൽ ഒപ്പുവയ്ക്കുന്നതിനും അധികാരപ്പെടുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം.
- വിശദമാ.യ പ്രോജക്ട് റിപ്പോർട്ട്
- കഴിഞ്ഞ 3 വർഷത്തെ സാമ്പത്തിക പത്രികകൾ, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്
- അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി 1 : 5 എന്ന അനുപാത്തിൽ നിലനിർത്തികൊള്ളാമെന്ന ഭരണസമിതി തീരുമാനം.
- അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ
- സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ

### തിരിച്ചടവ്

| | | |
|---|---|---|
| മാർജിൻ മണി വായ്പ | – | 5 വർഷം (മൊറൊട്ടോറിയം ഇല്ല) |
| പ്രവർത്തന മൂലധന വായ്പ | – | 1 മുതൽ 2 വർഷം വരെ (മൊറൊട്ടോറിയം ഇല്ല) |
| മറ്റ് വായ്പ | – | 8 വർഷം വരെ (1 മുതൽ 2 വർഷം വരെ മുതലിനത്തിൽ മൊറൊട്ടോറിയം ഉണ്ടായിരിക്കും) |

തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. തുക പിൻവലിച്ചതിന്റെ ആദ്യ വാർഷികം മുതൽ

### ഓഹരി മൂലധനം

10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തിരിച്ചടവ് തുക പിൻവലിച്ചതിന്റെ രണ്ടാം വർഷം മുതൽ.

## 9. ആശുപത്രി, ഹെൽത്ത് കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിലേർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള വായ്പ/ഓഹരി മൂലധന സഹായം.

ജി.ഒ (ആർ.റ്റി) നമ്പർ 84/2011/സഹ. തീയതി 08.02.2011

| | വായ്പാ | ഓഹരി |
|---|---|---|
| മാർജിൻ മണി ധനസഹായം | 60% | 40% |
| പ്രവർത്തന മൂലധന സഹായം | 100% | |
| അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം | | 40% |

(അംഗങ്ങളുടെ വിഹിതം 10)

(പരമാവധി ഓഹരി മൂലധനസഹായം അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിവരെയായി നിജപ്പെടുത്തിയിട്ടുണ്ട്. വായ്പായിനത്തിൽ, അനുവദിക്കുന്ന തുക പദ്ധതി റിപ്പോർട്ട് പ്രകാരം സർക്കാർ നിശ്ചയിക്കുന്നതാണ്.)

### നിബന്ധനകൾ

- ❖ ആശുപത്രി, ഹെൽത്ത്കെയർ വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിനുള്ള കഴിവും, ആയതിന് ബൈലായിൽ വ്യവസ്ഥയുള്ള സംഘങ്ങൾ ആയിരിക്കണം.
- ❖ സംഘത്തിൽ കുറഞ്ഞത് 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
- ❖ സർക്കാർ ഒഹരി മൂലധനം ഒഴികെ അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനമായി 1 ലക്ഷം രൂപയെങ്കിലും ഉണ്ടായിരിക്കണം.
- ❖ സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന്, സർക്കാർ/എൻ.സി.ഡി.സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- ❖ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും, മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും ഉണ്ടായിരിക്കണം.
- ❖ അഴിമതി രഹിതവും സർക്കാരിലേയ്ക്ക് കുടിശ്ശിക രഹിതവുമായിരിക്കണം.
- ❖ വായ്പ ധനസഹായത്തിന് ആവശ്യമായ ഈട്ടു നൽകാൻ സംഘത്തിന് വസ്തു ഉണ്ടായിരിക്കണം.

### അപേക്ഷയോടൊപ്പം

- ❖ പദ്ധതി ധനസഹായം ലഭ്യമാക്കുന്നതിനും, കാലാകാലങ്ങളിലുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ടും രേഖകളിൽ ഒപ്പുവയ്ക്കുന്നതിനും അധികാരപ്പെടുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം.
- ❖ വിശദമാ.യ പ്രോജക്റ്റ് റിപ്പോർട്ട്
- ❖ കഴിഞ്ഞ 3 വർഷത്തെ സാമ്പത്തിക പത്രികകൾ, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്
- ❖ അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി 1 : 5 എന്ന അനുപാതത്തിൽ നിലനിർത്തികൊള്ളാമെന്ന ഭരണസമിതി തീരുമാനം.
- ❖ അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ
- ❖ സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ

### തിരിച്ചടവ്

| | | |
|---|---|---|
| ❖ മാർജിൻ മണി വായ്പ | – | 5 വർഷം (മൊറൊട്ടോറിയം ഇല്ല) |
| ❖ പ്രവർത്തന മൂലധന വായ്പ | – | 1 മുതൽ 2 വർഷം വരെ (മൊറൊട്ടോറിയം ഇല്ല) |
| ❖ മറ്റ് വായ്പ | – | 8 വർഷത്തിനകം അടച്ചു തീർക്കണം (1 മുതൽ 2 വർഷം വരെ മുതലിനത്തിൽ മൊറൊട്ടോറിയം ഉണ്ടായിരിക്കും) പലിശയ്ക്ക് യാതൊരു മൊറൊട്ടോറിയവും ഇല്ല |

തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. തുക പിൻവലിച്ചതിന്റെ ആദ്യ വാർഷികം മുതൽ

### ഓഹരി മൂലധനം

10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തിരിച്ചടവ് തുക പിൻവലിച്ചതിന്റെ രണ്ടാം വർഷം മുതൽ.